# ദി ഡിഫെൻഡർ

Vol. No. 9 Issue No. 16 RNI Reg. No. 68089 / 97 Published From Perumbavoor 2006 AUGUST 16 Price: Rs.100/- P.A.


# ദുർന്നടപ്പുകാരൻ പ്രസിഡന്റ് കൊള്ളക്കാരൻ സെക്രട്ടറി

ഐ.പി.സിയുടെ ജനറൽ പ്രസിഡന്റായി കുപ്രസിദ്ധ വ്യഭിചാരി കെ.സി. ജോണും ജനറൽ സെക്രട്ടറിയായി കൊള്ളക്കാരൻ വൽസൻ ഏബ്രഹാമും തെരഞ്ഞെടുക്കപ്പെടുമെന്ന് ഉറപ്പായി. അങ്ങനെ ഇന്ത്യൻ പെന്തക്കോസ്തൽ ചർച്ച് എന്ന ഐ.പി.സിയുടെ അധ:പതനം പൂർണ്ണമായി.

സെപ്റ്റംബർ 13ന് നടക്കുന്ന ജനറൽ ബോഡിയിലാണ് തെരഞ്ഞെടുപ്പു നടക്കുന്നതെങ്കിലും നേതാക്കൻമാർ തമ്മിൽ ഉണ്ടാക്കിയ ഒത്തുതീർപ്പ് ഉടമ്പടി അനുസരിച്ച് കെ.സി.ജോൺ പ്രസിഡന്റും വൽസൻ ജനറൽ സെക്രട്ടറിയുമാകും. പ്രസിഡന്റ് കുപ്പായം തുന്നി കാത്തിരിക്കുന്ന എം. എസ്.ശമുവേൽ, കെ.എം.ജോൺ എന്നിവർ യഥാക്രമം വൈസ് പ്രസിഡന്റും ജോ. സെക്രട്ടറിയും ആകും. (ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക് ബഞ്ചമിൻ വർഗീസ് മത്സരിക്കും എന്നൊരു ശ്രുതിയുണ്ട്).

വൽസൻ ഏബ്രഹാമിന്റെ പിതാവായ ടി.എസ്.ഏബ്രഹാം (കുളത്തൂപ്പുഴ വീരൻ) ആയിരുന്നു ഐ.പി.സിയുടെ പ്രസിഡന്റ്. വ്യഭിചാരത്തിന് പുതിയ മാനം നൽകിയ മഹാനാണ് അദ്ദേഹം. എഴുപത്തഞ്ചു വയസ്സുള്ളപ്പോൾ കുളത്തൂപ്പുഴക്കാരിക്ക് സന്താന സൗഭാഗ്യം നൽകി അനുഗ്രഹിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഇപ്പോൾ പ്രസിഡന്റ് പദം ഏറ്റെടുക്കുന്ന കെ.സി.ജോൺ സ്വന്തം അമ്മായിയമ്മയെ വരെ വ്യഭിചരിച്ച മഹാവിശുദ്ധനാണ്. ഐ.പി.സിയുടെ പ്രസിഡന്റാകുന്നതോടെ കെ.സി.ജോണിന് വ്യഭിചരിക്കാൻ അനന്തമായ സാദ്ധ്യതകളാണ് കൈവരുന്നത്. ഈ വിശുദ്ധൻ അവസരത്തിനൊത്ത് ഉയരും എന്ന് കരുതാം.



ദുർന്നടപ്പിന്റെ ആൾരൂപം



കൊള്ളക്കാരൻ വൽസൻ

ജനറൽ സെക്രട്ടറിയാകുന്ന വൽസൻ ഏബ്രഹാം ഒന്നാംതരം കൊള്ളക്കാരനാണ്. പരമ ദരിദ്രരായ തെരുവുകുട്ടികളുടെ ചിത്രം വരെ ഇന്റർനെറ്റിൽ പ്രദർശിപ്പിച്ച് ഈ നീചൻ പണം തട്ടിവരുന്നു. (കൂടുതൽ വിവരങ്ങൾക്ക് www.indiago.org എന്ന വെബ്സൈറ്റ് നോക്കുക). ഇപ്രകാരം തട്ടിയെടുത്ത പണം ഉപയോഗിച്ച് രണ്ടു വർഷം മുൻപ് അഞ്ചുകോടി രൂപ വിലവരുന്ന റബ്ബർ തോട്ടം ഇയാൾ ഓതറയിൽ വാങ്ങി. കൂടാതെ പഞ്ചാബ്, രാജസ്ഥാൻ, ഗുജറാത്ത് തുടങ്ങിയ അതിർത്തി സംസ്ഥാനങ്ങളിൽ അനേകകോടി രൂപയുടെ സ്വത്തുക്കൾ ഇയാൾ സമ്പാദിച്ചിട്ടുണ്ട്. എല്ലാംകൂടി 100 കോടിയുടെ ആസ്തി ഈ പെരുങ്കള്ളനുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. ഇതൊന്നും ബിസിനസ്സ് ചെയ്തോ ജോലി ചെയ്തോ ഉണ്ടാക്കിയതല്ല, മറിച്ച് സുവിശേഷീകരണത്തിന്റെ മറവിൽ സമ്പാദിച്ചതാണ്. ഐ.പി.സിയുടെ ജനറൽ സെക്രട്ടറി ആകുന്നതോടെ തട്ടിപ്പിനും വെട്ടിപ്പിനും ഉള്ള സാദ്ധ്യതകൾ വർദ്ധിക്കും.

എഴുപത്തൊന്നു വർഷം പഴക്കമുള്ള സംഘടനയാണ് ഐ.പി.സി. പക്ഷേ ഈ സംഘടനയുടെ നേതൃസ്ഥാനം വഹിക്കാൻ സ്വഭാവശുദ്ധിയുള്ള രണ്ടു വ്യക്തികളെ ലഭിക്കാത്ത ദയനീയ സ്ഥിതിയാണ് ഇന്നുള്ളത്. ഇതര ക്രൈസ്തവ സമുദായങ്ങളിൽ ഉപദേശ വിശുദ്ധിയും ജീവിത വിശുദ്ധിയും ഇല്ലെന്നു പറഞ്ഞ് ഇറങ്ങിത്തിരിച്ചവർ രൂപം കൊടുത്ത ഐ.പി.സി. എന്ന പ്രസ്ഥാനം ഇപ്പോൾ ഇതര ക്രൈസ്തവ വിഭാഗങ്ങളേക്കാൾ അധ:പതിച്ചിരിക്കുന്നു. ഇന്ത്യയിലെ ഏറ്റവും വലിയ പെന്തക്കോസ്ത് സഭയെന്ന് പറയപ്പെടുന്ന ഐ.പി.സിയിൽ ഉള്ളിടത്തോളം വ്യഭിചാരവും അഴിമതിയും മറ്റൊരു പെന്തക്കോസ്ത് പ്രസ്ഥാനത്തിലുമില്ല. ഈ സ്ഥിതി തുടർന്നാൽ ഐ.പി.സി. എന്നത് വ്യഭിചാരികളുടേയും കൊള്ളക്കാരുടേയും സങ്കേതമാകും.

(ഐ.പി.സിയിൽ നടന്നതെന്ത്? മൂന്നാം പേജ് നോക്കുക).

## ടി.എസ്.ഏബ്രഹാമിന് മറുപടിയില്ല



കുളത്തൂപ്പുഴ കേസ്സിലെ പ്രതി ടി.എസ്. ഏബ്രഹാമാണെന്ന് ഫോട്ടോ സഹിതം ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചിട്ടും ഈ പരമ യോഗ്യന് പ്രതികരിക്കാൻ കഴിയുന്നില്ല. കുറഞ്ഞ പക്ഷം ഒരു മാനനഷ്ടക്കേസ്സെങ്കിലും കൊടുത്ത് മുഖം രക്ഷിക്കാൻ ഈ വാൽസ്യായന ശിഷ്യന് ധൈര്യമുണ്ടായിട്ടില്ല.

ഡിഫെൻഡറിനെതിരെ മാനനഷ്ടക്കേസ്സ് കൊടുത്താൽ ഉള്ള മാനംകൂടി പോകും എന്ന് ടി.എസ്.ഏബ്രഹാമിന് അറിയാം. ഇയാൾ നടത്തിയിട്ടുള്ള നൂറു കണക്കിനു വ്യഭിചാരങ്ങളിൽ ഒന്നുമാത്രമാണ് കുളത്തൂപ്പുഴ സംഭവം. കേസ്സ് കോടതിയിൽ എത്തിയാൽ മറ്റ് വ്യഭിചാരക്കേസ്സുകളും പൊന്തിവരും. അതുകൊണ്ടാണ് ഈ വിദ്വാൻ മൗനം ഭൂഷണമാക്കിയത്.

# ചാനൽ തിരുമ്പി വന്താച്ച്

പോന മച്ചാൻ തിരുമ്പി വന്താച്ച് എന്നു പറഞ്ഞതുപോലെ ചവർ ചാനൽ തിരിച്ചെത്തി. കഴിഞ്ഞ രണ്ടു മാസമായി എറണാകുളം ജില്ലയിൽ ചവർ ഇല്ലായിരുന്നു. മുന്നറിയിപ്പൊന്നും കൂടാതെ അപ്രത്യക്ഷമായ ചാനൽ മുന്നറിയിപ്പൊന്നും കൂടാതെ ആഗസ്റ്റ് 10ന് തിരിച്ചെത്തി. കഴിഞ്ഞ രണ്ടു മാസം എവിടെയായിരുന്നു എന്ന് പറഞ്ഞതുമില്ല.

ഫെബ്രുവരി ആദ്യവാരം സംപ്രേക്ഷണം ആരംഭിച്ച ചവർ ചാനൽ ആദ്യ ദിവസം മുതൽ തിരുവല്ലയിലും പരിസരങ്ങളിലും ലഭിച്ചിരുന്നു. പക്ഷേ മറ്റു ജില്ലകളിൽ എത്താൻ മാസങ്ങളെടുത്തു. എറണാകുളം ജില്ലയിലും വളരെ താമസിച്ചാണ് ചവർ എത്തിയത്. രണ്ടു മാസം മുൻപ്, വിശേഷിച്ച് ഒരു കാരണവും കൂടാതെ, ചവർ അപ്രത്യക്ഷമാകുകയും ചെയ്തു.

സംപ്രേക്ഷണം ആരംഭിച്ച ദിവസം മുതൽ ഒരേ പരിപാടിയാണ് ചവറിൽ പ്രദർശിപ്പിക്കുന്നത്. കത്തോലിക്കർ ഇറക്കിയ കുറെ ആൽബങ്ങളാണ് മുഖ്യ ഇനം. ആകെ പത്തോ പതിനഞ്ചോ പാട്ടുകൾ. അത് എല്ലാ ദിവസവും 25 തവണയെങ്കിലും കാണിക്കും.

ചാനലിന്റെ ചെയർമാനായ കെ. സി.ജോണിന്റെ പ്രസംഗങ്ങളാണ് മറ്റൊരു സ്ഥിരം പരിപാടി. കെ.സി.ജോൺ സ്വന്തം സഭയിൽ നടത്തുന്ന പ്രസംഗങ്ങൾ റിക്കാഡ് ചെയ്ത് പ്രദർശിപ്പിക്കയാണ് ചെയ്യുന്നത്. ഇതും നിരന്തരം ആവർത്തിക്കും. പൂവത്തൂർ കൺവെൻഷനിൽ ചിലർ നടത്തിയ പ്രസംഗങ്ങൾ കഴിഞ്ഞ നാലു മാസമായി സ്ഥിരം കാണിച്ചുകൊണ്ടിരിക്കുന്നു.

വർഗീസ് മത്തായി നടത്തുന്ന ഒരു വിചിത്ര പരിപാടിയാണ് മറ്റൊരെണ്ണം. ഏതെങ്കിലും ഒരു വിഷയത്തേക്കുറിച്ച് ലോകത്തുള്ള സകല വിവരദോഷികളോടും അഭിപ്രായം ചോദിക്കും. അതു കഴിഞ്ഞ് വർഗീസ് മത്തായി ഏകദേശം അഞ്ചു മിനിട്ട് സമയം കുറെ വിവരക്കേടു പറയും. ഇതാണ് പരിപാടി. ഇതും ദിവസം പത്തു തവണ പ്രദർശിപ്പിക്കും.

ഒരു പെങ്കൊച്ച് ഏതെങ്കിലും ഒരു പണക്കാരന്റെ വീട്ടിൽ ചെന്ന് അര മണിക്കൂർ സമയം കൊച്ചുവർത്താനം പറയുന്നതാണ് മറ്റൊരു പ്രോഗ്രാം. കുടുംബഗീതം എന്നാണ് പരിപാടിയുടെ പേര്. (പരമ ബോറ് എന്ന് പേരിട്ടിരുന്നെങ്കിൽ അന്വർത്ഥമാകുമായിരുന്നു).

ലോകമെങ്ങുമുള്ള മലയാളികളെ മാനസാന്തരപ്പെടുത്താനാണ് ഈ ചാനൽ തുടങ്ങിയതെന്നാണ് കെ.സി.ജോൺ പറയുന്നത്. പക്ഷേ പരിപാടി അവതരിപ്പിക്കുന്നവർ പോലും രക്ഷിക്കപ്പെട്ടവരല്ലെങ്കിൽ ഈ പരിപാടികൾ കണ്ട് പൊതുജനം എങ്ങനെ രക്ഷിക്കപ്പെടുമെന്ന് ഒരു പിടിയും കിട്ടുന്നില്ല.

ചാനലിന്റെ പേരു പറഞ്ഞ് അനേക കോടി രൂപ കെ.സി.ജോൺ ലോകമെമ്പാടും നടന്ന് പിരിച്ചുകഴിഞ്ഞു. എന്നിട്ടും രണ്ടു മാസം മുൻപ് ശമ്പളം കൊടുക്കാൻ പോലും പണമില്ലാതായി. നേതാവ് കളിക്കാനല്ലാതെ പണം ഉണ്ടാക്കാൻ ആളില്ലാതായപ്പോൾ കെ.സി.ജോൺ വീണ്ടും ഉലക പര്യടനത്തിനിറങ്ങി. ഗൾഫിലുള്ള ഒരു പണച്ചാക്കിനെ പറഞ്ഞു മയക്കി പാട്ടിലാക്കി. ഈ ചങ്ങാതിയെ ഒരു ഡയറക്ടറാക്കാമെന്നു പറഞ്ഞപ്പോൾ കക്ഷി കുറെ പണം കൊടുത്തു. അതുമായി വന്നാണ് ഇപ്പോൾ വീണ്ടും അഭ്യാസം നടത്തുന്നത്.

ആകെ നാലോ അഞ്ചോ മണിക്കൂർ സംപ്രേക്ഷണം ചെയ്യാനുള്ള പ്രോഗ്രാം മാത്രമാണ് കൈമുതലായുള്ളത്. ഈ പ്രോഗ്രാമുകൾ കഴിഞ്ഞ ആറു മാസമായി എല്ലാ ദിവസവും നിരവധി തവണ ആവർത്തിച്ച് സംപ്രേക്ഷണം ചെയ്യുന്നു. ''നാണമില്ലേ കെ.സി.ജോണേ'' എന്ന് ഡിഫെൻഡർ ചോദിക്കുന്നില്ല. അമ്മായിയമ്മയെ വരെ ഭാര്യയാക്കിയവന് നാണവും മാനവും ഇല്ലെന്നറിയാം. എങ്കിലും ചാനലിനു പണം മുടക്കിയ മറ്റുള്ളവർക്കും നാണമില്ലാതായതെങ്ങനെ എന്നു മനസ്സിലാകുന്നില്ല.

ദി ഡിഫെൻഡർ
Vol. No.9 Issue No. 16 2006 August 16

# പോലീസ് സേനയെ നവീകരിക്കണം

കേരള പോലീസിന് കഴിവില്ല എന്ന് ശത്രുക്കൾ പോലും പറയുമെന്ന് തോന്നുന്നില്ല. പക്ഷേ നമ്മുടെ പോലീസ് അര നൂറ്റാണ്ടെങ്കിലും പിന്നിലാണ് എന്ന വസ്തുത അവഗണിക്കാനുമാവില്ല. കാലത്തിനൊത്ത് ഉയരാത്തതാണ് പോലീസിനെ കഴിവുകെട്ടതാക്കുന്നത്.

മൂന്നാംമുറ പ്രയോഗിച്ച് കുറ്റം തെളിയിക്കുന്ന രീതിയാണ് ഇന്നും നമ്മുടെ പോലീസ് പിൻതുടരുന്നത്. ലോക്കപ്പ് മരണങ്ങൾക്ക് കാരണമാകുന്നത് പ്രധാനമായും മൂന്നാംമുറയാണ്. കുറ്റകൃത്യം നടന്ന സ്ഥലത്തിന് ചുറ്റുപാടുമുള്ള എല്ലാവരേയും സ്റ്റേഷനിൽ വിളിച്ച് ദേഹോപദ്രവം ഏല്പിക്കുക എന്നത് സ്ഥിരം പരിപാടിയാണ്. പ്രതികളുടെ കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കും പീഡനം സഹിക്കേണ്ടതായി വരും. ഇപ്രകാരം പീഡിപ്പിക്കപ്പെടുന്നവരിൽ ഭരിപക്ഷവും നിരപരാധികളായിരിക്കും. എങ്കിലും പോലീസിനെതിരെ പരാതി പറഞ്ഞാൽ ഉണ്ടാകുന്ന പൊല്ലാപ്പുകൾ ഓർത്ത് മിക്കവരും അടങ്ങും. പോലീസ് അതിക്രമങ്ങൾക്ക് വളംവെച്ചു കൊടുക്കുന്നത് പൊതുജനങ്ങളുടെ നിസ്സംഗതയാണ്.

യഥാർത്ഥ പ്രതികളെ ഒഴിവാക്കുകയും നിരപരാധികളെ പ്രതികളാക്കുകയും ചെയ്യുന്നത് നിത്യസംഭവമാണ്. യഥാർത്ഥ പ്രതികൾ പണക്കാരോ സ്വാധീനമുള്ളവരോ ആണെങ്കിൽ കേസ്സ് കോടതിയിൽ എത്താൻ സാദ്ധ്യതയില്ല. എത്തിയാലും പ്രതികൾ ശിക്ഷിക്കപ്പെടുകയുമില്ല. പ്രതികൾക്ക് രക്ഷപ്പെടാൻ ആവശ്യമായ പഴുതുകൾ കുറ്റപത്രത്തിൽ ഉണ്ടാകും.

പണ്ടൊക്കെ ഏതു കൂട്ടക്ഷര വൈരിക്കും പോലീസാകാമായിരുന്നു. ഇന്ന് അതല്ല സ്ഥിതി. അടുത്ത കാലത്ത് റിക്രൂട്ട് ചെയ്യപ്പെടുന്ന പോലീസുകാരിൽ ഭൂരിപക്ഷവും ബിരുദധാരികളാണ്. ഇങ്ങനെയുള്ളവരെ കാര്യം പറഞ്ഞ് മനസ്സിലാക്കാൻ വലിയ ബുദ്ധിമുട്ടില്ല. ശാസ്ത്രീയമായ കുറ്റാന്വേഷണ രീതികൾ നമ്മുടെ പോലീസുകാരെ പഠിപ്പിക്കണം. കമ്പ്യൂട്ടർ, ഇന്റർനെറ്റ് തുടങ്ങിയവയിൽ പരിശീലനം നൽകണം. അസഭ്യം പറയുക എന്നത് പോലീസിന്റെ മുഖമുദ്രയാണെന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. അതിന് മാറ്റം വരണം. മാന്യമായി സംസാരിക്കാൻ പോലീസിന് പരിശീലനം നൽകണം. അസഭ്യം പറഞ്ഞാലേ പോലീസാകൂ എന്ന ധാരണ മാറ്റണം.

ഏട്ടിലെ പശു പുല്ല് തിന്നതായി ചരിത്രമില്ല. പോലീസിനെ നവീകരിക്കാനുള്ള ശ്രമങ്ങൾ സാധാരണയായി ഏട്ടിലെ പശുവായി അവശേഷിക്കയാണ് പതിവ്. ഇനിയെങ്കിലും ഈ രീതിക്ക് മാറ്റം വരണം.

# സത്യം സത്യമായി

നമ്മുടെ മുഖ്യമന്ത്രി വാചകങ്ങൾ നീട്ടിപ്പറയുന്നതിന്റെ ഗുട്ടൻസ് ഈയിടെയാണ് മനസ്സിലായത്. അച്യുതാനന്ദന്റെ ഉള്ളിൽ ഒരു ഗായകൻ ഒളിച്ചിരിക്കുന്നുണ്ട്. ആ ഗായകനാണ് അദ്ദേഹത്തിന്റെ വാചകങ്ങളിൽ സംഗീതം പകർന്ന് നീളം കൂട്ടിയിരുന്നത്.

മലയോരങ്ങളും പുഴകളും വയലുകളും ഒക്കെ കവികൾക്ക് എന്നും പ്രചോദനം പകരുന്ന ദൃശ്യങ്ങളാണ്. നദിക്കരയിൽ ഇല്ലിത്തൈകൾ നട്ടപ്പോൾ മുഖ്യമന്ത്രിയും അറിയാതെ പാടിപ്പോയി. പക്ഷേ തെന്നൽ കാറ്റായി മാറി എന്നു മാത്രം. അത് നമുക്ക് ക്ഷമിക്കാം.

പെൺവാണിഭ വിവാദങ്ങൾക്ക് പേരുകേട്ട നാടാണ് കേരളം. തന്ത്രി പ്രശ്നത്തിലും ഇമ്മിണി വാണിഭമുണ്ടെന്ന സത്യം ഏവർക്കും അറിയുകയും ചെയ്യാം. പക്ഷേ തന്ത്രി കൊടുത്ത കേസ്സ് മാത്രം അന്വേഷിച്ചാൽ മതിയെന്നും വാണിഭക്കാര്യം മിണ്ടിപ്പോകരുതെന്നുമാണ് അന്വേഷണ ഉദ്യോഗസ്ഥർക്ക് കിട്ടിയിരിക്കുന്ന നിർദ്ദേശം. ഇതാണ് സർക്കാരിന്റെ നയമെങ്കിൽ മറ്റ് വാണിഭക്കാരോടും ഇതേ നിലപാട് സ്വീകരിക്കാമായിരുന്നില്ലേ?

ചോറ്റാനിക്കര സംഭവവും ഏറെ വാർത്താ പ്രാധാന്യം നേടിയിരിക്കുന്നു. തേഞ്ഞുമാഞ്ഞ് പോയ കേസ്സ് തന്ത്രി വിവാദത്തിന്റെ പശ്ചാത്തലത്തിൽ ഉയിർത്തെഴുന്നേൽക്കുകയായിരുന്നു. പ്രതിസ്ഥാനത്ത് പണക്കാരായതുകൊണ്ട് വാദി പ്രതിയാകാനാണ് സാദ്ധ്യത.

ജയമാല സംഭവം അന്വേഷിക്കാൻ രാമചന്ദ്രൻ നായരെ ചുമതലപ്പെടുത്തിയത്രേ. നല്ലത്. ആരെയാണ് പ്രതിയാക്കേണ്ടത് എന്നുകൂടി പറഞ്ഞുകൊടുത്താൽ രാമചന്ദ്രൻ നായർ അത് ഭംഗിയായി ചെയ്തുതരും. സൈബർ കേസ്സിൽ ഇതാണല്ലോ ഇദ്ദേഹം ചെയ്തത്. ജയമാലക്കേസ്സിന്റെ സ്ഥിതിയും മറിച്ചാകില്ല.

തൊപ്പി തലയിൽ കയറിക്കഴിയുമ്പോൾ ഏതു പോലീസുകാരനും പുതിയൊരു മനുഷ്യനാകും. പഴയതെല്ലാം മറക്കും. പക്ഷേ മന്ത്രിക്കുപ്പായമിട്ടാലും ഇതൊക്കെത്തന്നെയാണ് സംഭവിക്കുക എന്ന് നമ്മുടെ സുധാകരൻ മന്ത്രി തെളിയിച്ചിരിക്കുന്നു. മന്ത്രിയായതോടെ എന്തും വിളിച്ചു പറയാനുള്ള ലൈസൻസ് ലഭിച്ചുകഴിഞ്ഞു എന്നാണ് ഇദ്ദേഹം ധരിച്ചിരിക്കുന്നത്. ഐ.എ.എസ്സുകാരെ അധിക്ഷേപിക്കാം. പത്രക്കാരെ വെല്ലുവിളിക്കാം. എഴുത്തുകാരെ പുലഭ്യം പറയാം. എന്തും ഏതും ആകാം. മന്ത്രിയല്ലേ, തിരുവായ്ക്ക് എതിർവായുണ്ടോ. ഏതായാലും ബഹുമാനപ്പെട്ട മന്ത്രി ഒന്ന് ഓർത്താൽ കൊള്ളാം. ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ ഒരു മന്ത്രിക്കും ശാശ്വതമായി മന്ത്രിക്കസേരയിൽ ഇരിക്കാൻ പറ്റില്ല. മന്ത്രിപ്പണിയൊക്കെ കഴിഞ്ഞ് ഒരു സാധാരണ പൗരനായി സുധാകരൻ മന്ത്രിയും ഈ ഭൂമിമലയാളത്തിൽ ജീവിക്കേണ്ടതായി വരും. അതുകൊണ്ട് വാചകങ്ങൾ സൂക്ഷിച്ച് ഉപയോഗിക്കുകയാണ് ബുദ്ധി.

വാക്കുകളുടെ കാര്യം പറഞ്ഞു വന്നപ്പോഴാണ് നമ്മുടെ എസ്.എഫ്.ഐ പിള്ളേരുടെ കാര്യം ഓർത്തത്. സത്യം സത്യമായി പറഞ്ഞാൽ ഈ പ്രശ്നത്തിൽ അവർ നിരപരാധികളാണ്. പിതൃശൂന്യമായ മാദ്ധ്യമ പ്രവർത്തനം, പിതൃശൂന്യമായ വാർത്ത എന്നൊക്കെയാണ് അവർ പറഞ്ഞത്. അല്ലാതെ മാദ്ധ്യമ പ്രവർത്തകർ പിതൃശൂന്യരാണെന്നല്ല. കോഴിയെ കട്ടവന്റെ തലയിൽ പപ്പിരിക്കും എന്നു കേട്ടാലുടൻ തലയിൽ തപ്പുന്ന ചില പരമയോഗ്യൻമാർ അത് വളച്ചൊടിച്ച് കോലാഹലം ഉണ്ടാക്കുകയായിരുന്നു. സത്യം മനസ്സിലാക്കാതെ മുഖ്യമന്ത്രി ചിലതൊക്കെ പറഞ്ഞു. അതും പുലിവാലായി. ഇതൊക്കെ ഒഴിവാക്കാമായിരുന്ന പ്രശ്നങ്ങളായിരുന്നു.

ഇന്നത്തെ പരിപാടി എന്ന് തലക്കെട്ടു കൊടുത്ത് പത്രങ്ങളിൽ വാർത്ത കൊടുക്കുന്നതുപോലെ ഇന്നത്തെ ലോക്കപ്പ് മരണം എന്ന് സ്ഥിരം തലക്കെട്ടു കൊടുക്കാവുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. ലോക്കപ്പ് മരണം നടക്കാത്ത ദിവസമുണ്ടെങ്കിൽ അത് വാർത്തയാകും. പോലീസ് സ്റ്റേഷനിൽ മാത്രമല്ല ജയിലിലും ആശുപത്രിയിലുമൊക്കെ കസ്റ്റഡി മരണങ്ങൾ നടക്കുന്നു. മദ്യം കിട്ടാത്തതുകൊണ്ട് മരിക്കുന്നു. ഹൃദയം സ്തംഭിച്ച് മരിക്കുന്നു. പോലീസിനെ പേടിച്ച് വെള്ളത്തിൽ ചാടി മരിച്ചവരുമുണ്ട്. മാനസിക രോഗം മൂലവും മരണമുണ്ടാകുന്നു. സംഗതി കുശാലാകുന്നുണ്ട്.

ഡി.ഐ.സി രണ്ടു മുന്നണികളോടും സമദൂരം സൂക്ഷിക്കുമത്രേ. ഈ വർഷത്തെ ഏറ്റവും വലിയ തമാശയ്ക്കുള്ള അവാർഡ് തീർച്ചയായും ഈ പ്രസ്താവനയ്ക്ക് കൊടുക്കണം. ഒരു മുന്നണിയും ഡി.ഐ.സിയെ കൂടെ കൂട്ടില്ല എന്നു വന്നാൽ ഇങ്ങനെ തീരുമാനിക്കയല്ലാതെ മറ്റെന്തു വഴി? ഈ കട്ടിലു കണ്ട് പനിക്കേണ്ട എന്ന് എൽ.ഡി.എഫ്. പറഞ്ഞു. ഇനി ഡി.ഐ.സിയെ കൂടെ കൂട്ടില്ല എന്ന് യു.ഡി.എഫും വ്യക്തമാക്കുന്നു. മോരിലേ്ലൽ ശകലം ഉണ്ടേക്കാം എന്നു പോലും പറയാനാവാത്ത സ്ഥിതി. അതിനിടയിലാണ് ഗാന്ധിയൻ പ്രേമവുമായി ടി.എം.ജേക്കബ് എത്തിയത്. മര്യാദയ്ക്ക് ഇരുന്നില്ലെങ്കിൽ എത്ര മുഴുത്ത നേതാവിനേയും പറത്താക്കും എന്ന് ലീഡർക്ക് പറയേണ്ടതായി വന്നു. (പിതാവും പുത്രനും കഴിഞ്ഞാൽ ഡി.ഐ.സിയിലെ വലിയ നേതാവാരാണെന്ന് വ്യക്തമാണല്ലോ). അങ്ങനെ ജേക്കബ് അടങ്ങി. പക്ഷേ ഉള്ളറയിൽ എന്തൊക്കെയോ പുകയുന്നുണ്ട്. ജോണി നെല്ലൂരിന്റെ അസാന്നിദ്ധ്യവും ജേക്കബ്ബിന്റെ തണുപ്പൻ പ്രതികരണവും ഉണ്ടാകാൻ പോകുന്ന പിളർപ്പിന്റെ നാന്ദിയാണെന്ന് കരുതാം.

ചായക്കോപ്പയിലെ കൊടുങ്കാറ്റുപോലെയേ ഉള്ളെങ്കിലും ഐ.പി.സിയിലെ തെരഞ്ഞെടുപ്പ് കോലാഹലം സെക്യുലർ മാദ്ധ്യമങ്ങൾ കാണാതെപോയത് ഒട്ടും ശരിയായില്ല. പരിശുദ്ധ നേതാക്കൻമാർ നടത്തുന്ന കാലുവാരലും കുതികാലുവെട്ടലും ഒക്കെ രസകരമായ കുറെ വാർത്തകൾക്ക് സ്കോപ്പുള്ളതാണ്. സാക്ഷാൽ രാഷ്ട്രീയക്കാർ രാഷ്ട്രീയം പഠിക്കാൻ പെന്തക്കോസ്ത് നേതാക്കൻമാരുടെ പാദസേവ ചെയ്യുന്ന കാലം ഇങ്ങടുത്തെത്തി എന്നതിന് സംശയമില്ല.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ജില്ല തിരിച്ച് കെട്ടുകളാക്കി പെരുമ്പാവൂർ പോസ്റ്റ് ഓഫീസിൽ കൊടുക്കയാണ് ചെയ്യുന്നത്. സീലടിച്ച് അവർ അത് അയക്കയും ചെയ്യുന്നു. ഇവിടെ പത്രം നഷ്ടപ്പെടുന്നില്ല. അതുകൊണ്ട് പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക

പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.

ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.

പെരുമ്പാവൂർ പ്രിന്റേഴ്സ്
ബസ്റ്റ് കോംപ്ലക്സ്
കെ.എസ്.ആർ.ടി.സിക്ക് സമീപം
പെരുമ്പാവൂർ. ഫോൺ : 0484-3232356, 9447414608

# ഐ.പി.സിയിൽ എന്തു നടന്നു?

ഐ.പി.സിയിൽ കഴിഞ്ഞയാഴ്ച നടന്ന അട്ടിമറിയേക്കുറിച്ച് സാധാരണക്കാരായ വിശ്വാസികൾക്ക് ഒരു പിടിയും കിട്ടിയിട്ടില്ല. അതുകൊണ്ട് എന്താണ് നടന്നതെന്ന് അല്പം വിശദമായി പറയുകയാണ്.

എം.എസ്.ശാമുവേൽ പ്രസിഡന്റാകും എന്നാണ് അടുത്ത ദിവസം വരെ കേട്ടിരുന്നത്. കെ.എം.ജോൺ എതിർസ്ഥാനാർത്ഥിയാണെന്നും കേട്ടിരുന്നു. ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് വൽസനും കെ.സി.ജോണും മത്സരിക്കുമെന്നും ഏറെക്കുറെ ഉറപ്പായിരുന്നു. പക്ഷേ ഏതാനും ദിവസം മുൻപ് എല്ലാം കീഴ്മേൽ മറിഞ്ഞു.

എം.എസ്.ശാമുവേൽ തമിഴ്നാട് റീജിയന്റെ പ്രസിഡന്റാണ്. ടി.എസ്.ഏബ്രഹാമിന്റെ ഭാര്യയുടെ അനുജത്തിയുടെ ഭർത്താവാണ് എം.എസ്.ശാമുവേൽ. അദ്ദേഹത്തെ ജനറൽ കൗൺസിലിൽ നിന്ന് അകറ്റി നിർത്താൻ ടി.എസ്.ഏബ്രഹാം പരമാവധി പരിശ്രമിച്ചിരുന്നു. (കുശുമ്പുതന്നെ കാരണം). ഇത്തവണ എം.എസ്.ശാമുവേൽ ജനറൽ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്നത് ടി.എസ്.ഏബ്രഹാമിന് ഒട്ടും രസിച്ചിരുന്നില്ല.

ഐ.പി.സിയുടെ സ്ഥാപക നേതാക്കൻമാരിൽ ഒരാളായിരുന്നു കെ.ഇ.ഏബ്രഹാം. പെന്തക്കോസ്ത് ഉപദേശത്തിനുവേണ്ടി അദ്ദേഹം പോരാടുകയും ചെയ്തിരുന്നു. എന്നാൽ കടുത്ത അധികാര മോഹിയായിരുന്നു കെ.ഇ.ഏബ്രഹാം. അതുകൊണ്ട് അധികാരമെല്ലാം തന്റെ കൈപ്പിടിയിൽ ഒതുക്കാൻ അദ്ദേഹത്തിന് ഏറെ ബുദ്ധിമുട്ടേണ്ടതായി വന്നില്ല. കുമ്പനാട്ട് സ്ഥിരതാമസമാക്കിയ അദ്ദേഹം ബൈബിൾ സ്ക്കൂൾ, സീയോൻ കാഹളം മാസിക തുടങ്ങിയവയും തന്റെ അധീനതയിൽ കൊണ്ടുവന്നു. സഭയുടെ സ്വത്തുക്കൾ കൈവശപ്പെടുത്താൻ പോലും അദ്ദേഹം പലപ്പോഴും ശ്രമിച്ചിട്ടുണ്ട്. ഇത് ഐ.പി.സിയിൽ വലിയ ഭിന്നതകൾ ഉണ്ടാക്കുകയും ചെയ്തു.

തന്റെ കാലശേഷം മക്കൾ ഐ.പി.സിയുടെ നേതൃസ്ഥാനത്ത് എത്തണമെന്ന് അദ്ദേഹം നിശ്ചയിച്ചു. മുൻകൂട്ടി അതിനുള്ള പദ്ധതിയും തയ്യാറാക്കി. അങ്ങനെ കെ.ഇ.ഏബ്രഹാമിന്റെ കാലശേഷം ടി.എസ്.ഏബ്രഹാം അധികാരത്തിലെത്തി. പക്ഷേ സ്വന്തം അനുജനെ അധികാരത്തിൽ നിന്നും അകറ്റി നിർത്താൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ലേഡീസ് ബൈബിൾ സ്ക്കൂളിലെ ചില പെൺകുട്ടികളോടൊപ്പം നിന്ന് ഉമ്മൻ ഏബ്രഹാം ഫോട്ടോ എടുത്തകാര്യം ചൂണ്ടിക്കാട്ടി ടി.എസ്.ഏബ്രഹാം ഉമ്മൻ ഏബ്രഹാമിന് കേരളത്തിലേക്കു വരുന്നതിനുപോലും വിലക്ക് ഏർപ്പെടുത്തി. ഏറെ താമസിയാതെ അദ്ദേഹം വാഹനാപകടത്തിൽ മരിച്ചു.

തന്നിഷ്ടം പോലെ ഐ.പി.സിയെ ഭരിച്ച ടി.എസ്.ഏബ്രഹാം ഐ.പി.സിയെ വ്യഭിചാരകേന്ദ്രമാക്കി. ഐ.പി.സിയുടെ പേരു പറഞ്ഞ് സ്വദേശത്തുനിന്നും വിദേശത്തുനിന്നും പിരിച്ചെടുത്ത പണം സ്വന്തം സംഘടനയായ കെ.ഇ.ഏബ്രഹാം ഫൗണ്ടേഷനിൽ നിക്ഷേപിച്ചു. പക്ഷേ എൺപതു വയസ്സ് കഴിഞ്ഞവർക്ക് ഐ.പി.സിയുടെ ഭരണഘടന അനുസരിച്ച് ഭാരവാഹിയാകാൻ തടസ്സമുള്ളതുകൊണ്ട് ടി.എസ്.ഏബ്രഹാം മനസ്സില്ലാമനസ്സോടെ അധികാരമൊഴിയുകയാണ്.




ടി.എസ്.ഏബ്രഹാം സ്ഥാനമൊഴിയുമ്പോൾ വൽസൻ അധികാരത്തിൽ എത്തിയില്ലെങ്കിൽ ഐ.പി.സി. കെ.ഇ.ഏബ്രഹാം കുടുംബത്തിന്റെ കയ്യിൽ നിന്ന് വിട്ടുപോകും. അത് തടയേണ്ടത് ടി.എസ്. കുടുംബത്തിന്റെ ആവശ്യമാണ്. പക്ഷേ വൽസൻ ആദ്യം തന്നെ ജനറൽ പ്രസിഡന്റ് സ്ഥാനത്തേക്കു വരുന്നത് ഏറെ വിമർശനങ്ങൾക്ക് വഴിവെയ്ക്കും. അതുകൊണ്ട് ആദ്യം ജനറൽ സെക്രട്ടറി ആകുക, പിന്നീട് പ്രസിഡന്റാകുക എന്ന തന്ത്രമാണ് പയറ്റുന്നത്.

ജനറൽ സെക്രട്ടറിയാകാമെന്ന് സ്വപ്നം കണ്ടിരുന്ന വൽസന് ഞെട്ടലുണ്ടാക്കിക്കൊണ്ട് കെ.സി.ജോൺ സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചു. അഞ്ചു വർഷത്തേക്ക് അധികാരത്തിൽ നിന്നും വിട്ടുനിൽക്കുന്നു എന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് കെ.സി.ജോൺ മൂന്നു കൊല്ലം മുൻപ് സ്റ്റേറ്റ് സെക്രട്ടറിസ്ഥാനം ഉപേക്ഷിച്ചത്. അധികാരമില്ലാതായതോടെ ജനം കെ.സി.ജോണിനെ അവഗണിക്കാൻ തുടങ്ങി. പവർ വേഡ് മിനിസ്ട്രിയും പവർ ചാനലും മറ്റും പ്രതീക്ഷിച്ചത്ര വിജയിച്ചുമില്ല. എത്രയും വേഗം അധികാരത്തിലെത്തുകയല്ലാതെ മറ്റു മാർഗ്ഗമില്ല എന്ന് കെ.സി.ജോൺ മനസ്സിലാക്കി. ഏതു സ്ഥാനം വേണം? കേന്ദ്രത്തിൽ തന്നെയാകട്ടെ പിടി എന്നു തീരുമാനിച്ചു. തത്ക്കാലം സെക്രട്ടറി സ്ഥാനം മതി. പിന്നീട് പ്രസിഡന്റാകാം. തുടർന്ന് കെ.സി.ജോൺ അതിനുള്ള പദ്ധതി തയ്യാറാക്കി.

സ്റ്റേറ്റ് പ്രസിഡന്റ് സ്ഥാനത്തുനിന്നും വിരമിക്കുന്ന കെ.എം.ജോൺ സ്റ്റേറ്റ് വൈസ് പ്രസിഡന്റ് സ്ഥാനം കൊണ്ട് തൃപ്തിപ്പെടാൻ തീരുമാനിച്ചിരിക്കുമ്പോഴാണ് കെ.സി.ജോണിന്റെ വരവ്. അച്ചൻ മൂത്ത് കപ്യാരാകുന്നതുപോലെയാണ് പ്രസിഡന്റ് സ്ഥാനം വിട്ട് വൈസ് പ്രസിഡന്റ് ആകുന്നത് എന്ന് കെ.സി.ജോൺ പറഞ്ഞപ്പോൾ ''അതു ശരിയാണല്ലോ'' എന്ന് കെ.എം.ജോണിനും തോന്നി. അങ്ങനെ കെ.എം.ജോണിനെ പറഞ്ഞിളക്കി കെ.സി.ജോൺ ജനറൽ പ്രസിഡന്റ് സ്ഥാനാർത്ഥിയാക്കി. മാദ്ധ്യമ പ്രവർത്തനത്തെ സ്വരാജ് വിശേഷിപ്പിച്ച ഇനത്തിലുള്ള പരിപാടികൾ കൈവശമുള്ള ആളാണ് കെ.സി. ജോൺ എന്ന് മനസ്സിലാക്കാൻ കെ.എം.ജോണിന് കഴിഞ്ഞില്ല. അതുകൊണ്ടാണ് ആ പാവം കെ.സി.ജോണിന്റെ വാക്കു വിശ്വസിച്ച് ജനറൽ പ്രസിഡന്റാകാൻ ഇറങ്ങിപ്പുറപ്പെട്ടത്. സ്റ്റേറ്റ് ഇലക്ഷനിൽ നോമിനേഷൻ കൊടുക്കാനുള്ള സമയം കഴിയുന്നതുവരെ കെ.സി.ജോൺ തീരുമാനത്തിൽ ഉറച്ചു നിൽക്കുകയും ചെയ്തു.

അങ്ങനെ എം.എസ്.ശാമുവേൽ, കെ.എം.ജോൺ എന്നിങ്ങനെ രണ്ടു പ്രസിഡന്റ് പദമോഹികളുണ്ടായി. അതുപോലെ രണ്ടു ജനറൽ സെക്രട്ടറി സ്ഥാനാർത്ഥികളും: കെ.സി.ജോൺ, വൽസൻ ഏബ്രഹാം എന്നിവർ. ആരു ജയിക്കും എന്ന് പറയാനാവാത്ത സ്ഥിതി. പ്രസിഡന്റ് സ്ഥാനാർത്ഥികളിൽ ആരു ജയിച്ചാലും തോറ്റ സ്ഥാനാർത്ഥിക്ക് വലിയ നാണക്കേടില്ല. പക്ഷേ വൽസനോട് കെ.സി.ജോൺ തോൽക്കുകയോ മറിച്ച് സംഭവിക്കയോ ചെയ്യുന്നത് ഗൗരവമുള്ള പ്രശ്നമാണ്. എന്തുചെയ്യും?

തനിക്ക് കെ.സി.ജോണിന്റെ പിൻതുണ ഉണ്ടാകുമെന്നായിരുന്നു എം.എസ്.ശാമുവേലിന്റെ ധാരണ. പക്ഷേ കെ.സി.ജോൺ കെ.എം.ജോണിനെ പിൻതുണയ്ക്കാനാണ് സാദ്ധ്യത എന്നു വ്യക്തമായതോടെ എം.എസ്. ശാമുവേൽ ചുവടുമാറ്റി. വൽസനുമായി ഒത്തുതീർപ്പുണ്ടാക്കാനും പരസ്പരം സഹായിക്കാനും തീരുമാനിച്ചു. തമിഴ്നാട്ടിൽ നിന്ന് 30 ബസ്സ് നിറയെ വോട്ടർമാരെ ഇറക്കുമതി ചെയ്യാമെന്നും തീരുമാനിച്ചു.

അങ്ങനെ കാര്യങ്ങൾ മുൻപോട്ടു പോകുമ്പോൾ ഐ.പി.സിയിലെ ചില ചാണക്യൻമാർ ഒരു ഫോർമുല ഉണ്ടാക്കി. കെ.സി.ജോൺ പ്രസിഡന്റ്. വൽസൻ സെക്രട്ടറി. എം.എസ്.ശാമുവേൽ വൈസ് പ്രസിഡന്റ്. കെ.എം. ജോൺ ജോയിന്റ് സെക്രട്ടറി. ബഹുത്ത് അഛാ എന്ന് കെ.സി.ജോണും വൽസനും പറഞ്ഞു. എം.എസ്.ശാമുവേലും കെ.എം.ജോണും വിഴുക്കസ്യ എന്ന മട്ടിൽ ഇരുപ്പായി. കൂനിൻമേൽ കുരു എന്നതുപോലെ ഇരുവർക്കും എതിരെ വേറെ സ്ഥാനാർത്ഥികളും ഉണ്ടായി. ഇതാണ് ഇപ്പോഴത്തെ സ്ഥിതി. കെ.സി.ജോൺ ജനറൽ പ്രസിഡന്റും വൽസൻ ജനറൽ സെക്രട്ടറിയുമാകും. എം.എസ്. ശാമുവേൽ, കെ.എം.ജോൺ എന്നിവർ എന്താകുമെന്നും എന്തെങ്കിലും ആകുമോ എന്നും കണ്ടുതന്നെ അറിയണം.


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപനത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ഫോട്ടോ സഹിതം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കു വേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു.

www.yourname.com എന്ന വിലാസം

you@yourname.com എന്ന ഈമെയിൽ

ഒരു ഹോം പേജ്

ആകെ ചെലവ്: 1500 രൂപ മാത്രം
ഓരോ അധിക പേജിനും 400 രൂപ

ഫോൺ: 0484-3232356

മൊബൈൽ: 94474 14608

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്

ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0484-3232356, 9447414608

# ബ്ലേഡും കുറെ വസ്തുതകളും

ബ്ലേഡ് എന്ന വാക്കിന് അമിത പലിശ വാങ്ങുന്ന പണമിടപാടുകാരൻ എന്ന അർത്ഥം ഉണ്ടായിട്ട് ഏറെക്കാലമായില്ല. എങ്കിലും ഇന്ന് സാക്ഷാൽ ബ്ലേഡിനേക്കാൾ പ്രചാരം ഈ ആധുനിക ബ്ലേഡിനാണ്.

എന്താണ് ബ്ലേഡ്? പലിശയ്ക്ക് പണം കൊടുക്കുന്നു എന്ന ഒറ്റക്കാരണത്താൽ ബ്ലേഡാകുമോ? ആകുമെങ്കിൽ എല്ലാ ബാങ്കുകളും ബ്ലേഡ് ആണെന്ന് പറയേണ്ടതായി വരും. അമിത പലിശയ്ക്ക് പണം കടം കൊടുക്കുന്ന സ്ഥാപനങ്ങളെ മാത്രമാണ് ബ്ലേഡ് എന്നു വിളിക്കുന്നത്.

എന്താണ് അമിത പലിശ എന്നതാണ് അടുത്ത പ്രശ്നം. 12% പലിശ ബ്ലേഡാണോ? ആണെന്ന് പറയാൻ ബുദ്ധിമുട്ടുണ്ട്. കാരണം, മിക്ക ബാങ്കുകളും ഈ പലിശ വാങ്ങുന്നുണ്ട്. അതുകൊണ്ട് മിതമായ പലിശ, അമിത പലിശ എന്നൊക്കെ പറയുന്നതിന് തക്കതായ ഒരു വിശദീകരണം ഇല്ലെന്നു പറയാം. എങ്കിലും സാധാരണ ബാങ്കുകൾ വാങ്ങുന്നതിൽ അധികം പലിശക്ക് പണം കടം കൊടുക്കുന്ന സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളാണ് ബ്ലേഡ് കമ്പനികൾ എന്ന് നിർവ്വചിക്കാം.

ബാങ്കുകൾ വാങ്ങുന്നതിൽ അധികം പലിശ ബ്ലേഡ് കമ്പനികൾ എന്തുകൊണ്ടു വാങ്ങുന്നു? പരമാവധി ലാഭം ഉണ്ടാക്കുക എന്നത് ഏതു ബിസിനസ്സിന്റേയും മുഖ്യ ലക്ഷ്യമാണ്. അല്പം പരോപകാരം ചെയ്തുകളയാം എന്ന ഉദ്ദേശ്യത്തോടെ ആരും ബിസിനസ്സ് ചെയ്യുമെന്ന് തോന്നുന്നില്ല. പണം കടം കൊടുക്കുന്ന ബിസിനസ്സിന്റെ കാര്യവും ഇങ്ങനെതന്നെ.

പരമാവധി ലാഭമുണ്ടാക്കാൻ ബ്ലേഡ് കമ്പനികൾ പരമാവധി പലിശ വാങ്ങുന്നു എന്ന് പറയാമെങ്കിലും ബാങ്ക് റേറ്റിനേക്കാൾ അധികം പലിശ വാങ്ങാതെ സ്വകാര്യ പണമിടപാടുകാർക്ക് നിലനിൽക്കാൻ ആവില്ല എന്നതാണ് വസ്തുത. വിശദീകരിക്കാം:

ബാങ്കുകൾ ഉൾപ്പെടെയുള്ള എല്ലാ പണമിടപാടുകാരും നിക്ഷേപകരിൽ നിന്ന് സ്വീകരിക്കുന്ന പണമാണ് കടമായി മറ്റുള്ളവർക്ക് കൊടുക്കുന്നത്. ആറു ശതമാനം പലിശയ്ക്ക് നിക്ഷേപം സ്വീകരിച്ച് 12% പലിശയ്ക്ക് കൊടുക്കുന്നു. അങ്ങനെ ലഭിക്കുന്ന ആറു ശതമാനം ലാഭമാണ് സ്ഥാപനത്തിന്റെ വരുമാനം. ഒരുകോടി രൂപ കടം കൊടുത്താൽ ആറു ലക്ഷം രൂപ ലാഭമുണ്ടാകും. ഇതിൽ നിന്ന് ജീവനക്കാരുടെ ശമ്പളം, മറ്റു ചെലവുകൾ തുടങ്ങിയ ചെലവുകൾ കഴിച്ച് കിട്ടുന്ന തുകയാണ് അറ്റാദായം. ബ്ലേഡ് കമ്പനിക്കാരുടെ കാര്യവും ഇങ്ങനെതന്നെ.

തങ്ങളുടെ നിക്ഷേപം ഏറ്റവും സുരക്ഷിതമായിരിക്കണം എന്ന് നിക്ഷേപകർ ആഗ്രഹിക്കും. ദേശസാത്കൃത ബാങ്കുകളിലെ നിക്ഷേപം ഏറെക്കുറെ സുരക്ഷിതമാണ്. അവിടെ നിക്ഷേപിക്കുന്നതിനു പകരം ബ്ലേഡ് കമ്പനിയിൽ പണം നിക്ഷേപിക്കണമെങ്കിൽ മറ്റെന്തെങ്കിലും കാരണം വേണം. പലിശയിനത്തിൽ കൂടിയ വരുമാനം ലഭിക്കുമെന്ന് വന്നാൽ മാത്രമേ അങ്ങനെ സംഭവിക്കൂ. ബാങ്കിൽ നിക്ഷേപിച്ചാൽ ആറു ശതമാനം പലിശ ലഭിക്കുമെങ്കിൽ ബ്ലേഡ് കമ്പനിക്കാരൻ പതിനഞ്ചോ ഇരുപതോ ശതമാനം പലിശ കൊടുക്കും. അതുകൊണ്ട് നിക്ഷേപകർ റിസ്ക്ക് എടുക്കാൻ തയ്യാറാകും. നിക്ഷേപകന് 20% പലിശ കൊടുക്കണമെങ്കിൽ ആ പണം ഇരുപത്തഞ്ചോ മുപ്പതോ ശതമാനം പലിശയ്ക്ക് കടം കൊടുക്കാതെ പറ്റില്ലല്ലോ. അതുകൊണ്ടാണ് സ്വകാര്യ പണമിടപാടുകാർ ഉയർന്ന പലിശ ഈടാക്കേണ്ടതായി വരുന്നത്.

ബാങ്കുകൾ കുറഞ്ഞ പലിശയ്ക്ക് പണം കടം കൊടുക്കുമ്പോൾ എന്തിന് ഉയർന്ന പലിശയുള്ള ബ്ലേഡ് കമ്പനിയിൽ നിന്ന് കടം വാങ്ങുന്നു? ഉത്തരം വ്യക്തം. സുരക്ഷിതമായ ഈടിൻമേലല്ലാതെ ബാങ്കുകൾ ലോൺ കൊടുക്കാറില്ല. പക്ഷേ ബ്ലേഡ് കമ്പനികൾ ഈ വിഷയത്തിൽ അയഞ്ഞ സമീപനമാണ് സാധാരണയായി സ്വീകരിക്കുക. മാത്രമല്ല ബാങ്കുകളിൽ നിന്ന് ലോൺ വാങ്ങിയെടുക്കാൻ ഉണ്ടാകുന്ന കാലതാമസം ബ്ലേഡ് കമ്പനിയിൽ ഉണ്ടാകാറുമില്ല.

മുദ്രപ്പത്രത്തിലും രണ്ടോ മൂന്നോ ചെക്കുകളിലും ഒപ്പിട്ടു വാങ്ങുക മാത്രമാണ് മിക്ക ബ്ലേഡ് കമ്പനികളും ചെയ്യുക. വാങ്ങിയ പണം തിരിച്ചടയ്ക്കാതാകുമ്പോൾ കേസ്സും വഴക്കുമാകും. പതിനായിരം രൂപ വാങ്ങിയവൻ കൊടുത്ത ചെക്കിൽ ഒരുലക്ഷം എന്നെഴുതി ബ്ലേഡ് കമ്പനി കോടതിയിൽ ഹാജരാക്കും. മുദ്രപ്പത്രത്തിലും ഇങ്ങനെ ചിലതെല്ലാം എഴുതും. കടം വാങ്ങിയവൻ കുഴയും എന്നു തീർച്ച. വാങ്ങിയ പണം തിരിച്ചു കൊടുത്താലും ബ്ലേഡ് കമ്പനികൾക്ക് വ്യാജരേഖ ചമച്ച് കേസ്സുണ്ടാക്കാൻ കഴിയും. പണം വാങ്ങുമ്പോൾ മിക്കവരും ഈ ഗുലുമാലുകളേക്കുറിച്ച് ഓർക്കാറില്ല. പലിശനിരക്കിനേക്കുറിച്ചുപോലും തിരക്കാതെ കടം വാങ്ങുന്നവരാണ് ഏറെയും. രണ്ടു ശതമാനം പലിശ എന്നു കേൾക്കുമ്പോൾ അത് യഥാർത്ഥത്തിൽ 24% പലിശയാണ് എന്ന് മനസ്സിലാക്കാറില്ല. ഫ്ളാറ്റ് റേറ്റോ കൂട്ടുപലിശയോ ആണെങ്കിൽ അവിടം കൊണ്ടും നിൽക്കില്ല. ഇതൊന്നും മനസ്സിലാക്കാതെയാണ് പലരും പണം കടം വാങ്ങുന്നത്.

കൊടുത്ത പണം പലിശയടക്കം തിരിച്ചു വാങ്ങാൻ കഴിയാതെപോയാൽ ബാങ്കുകളും ബ്ലേഡ് കമ്പനികളും പൊട്ടും. അതുകൊണ്ട് പണം തിരികെ തരാത്തവർക്കെതിരെ കേസ്സ് കൊടുക്കാതിരിക്കാൻ പറ്റില്ല.

പണം പലിശയ്ക്ക് കൊടുക്കുന്ന ബിസിനസ്സ് നടത്താൻ വീണ്ടുംജനനം പ്രാപിച്ച ദൈവമക്കൾക്ക് അനുവാദമുണ്ടോ എന്നതാണ് മറ്റൊരു പ്രശ്നം. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും കാരണമാകുന്നു എന്നത് സത്യം തന്നെ. പക്ഷേ ഇതു പറഞ്ഞ് ബ്ലേഡുകാരെ മാത്രം കുറ്റം പറഞ്ഞിട്ടു കാര്യമില്ല. ബ്ലേഡ് കമ്പനിയിൽ പണം ഇടുന്ന ഉപദേശി വിശുദ്ധൻ. ബ്ലേഡ് കമ്പനി നടത്തുന്നവൻ പാപി. ഈ നിലപാട് ശരിയാണോ? പലിശ വാങ്ങുന്നത് പാപമാണെങ്കിൽ ബാങ്കിലെ നിക്ഷേപത്തിനുപോലും പലിശ വാങ്ങരുത്.

പഴയനിയമത്തിൽ പലിശ വാങ്ങുന്നതിനെതിര കല്പനയുണ്ട്. പക്ഷേ അത് സഹോദരനോട് അതായത് ഇസ്രായേല്യനോട് പലിശ വാങ്ങുന്നതിനെതിരെയാണ്. മാത്രമല്ല പുതിയനിയമത്തിലെ പ്രമാണങ്ങളാണ് വിശ്വാസികൾക്ക് ബാധകം. പുതിയ നിയമത്തിൽ പലിശയ്ക്കെതിരെ പരാമർശംപോലും ഇല്ല.

ന്യായമായ പലിശ തെറ്റാണെന്നു പറയാനാവില്ല. കാരണം, പണത്തിന്റെ മൂല്യം അനുദിനം കുറഞ്ഞുകൊണ്ടിരിക്കയാണ്. പലിശയില്ലെങ്കിൽ നിക്ഷേപകന് സ്വന്തം പണം നഷ്ടമാകുന്ന സ്ഥിതിയുണ്ടാകും. ദാഹരണത്തിന് 10 കൊല്ലം മുൻപ് 100 രൂപ കൊടുത്താൽ കിട്ടുമായിരുന്ന ഒരു സാധനം ഇന്ന് ലഭിക്കണമെങ്കിൽ 200 രൂപയെങ്കിലും കൊടുക്കണം. അന്നത്തെ നൂറു രൂപയും ഇന്നത്തെ 200 രൂപയും തുല്യമാണെന്ന് ചുരുക്കം. പ്രതിവർഷം പത്തു ശതമാനമെങ്കിലും പലിശ കിട്ടിയാൽ മാത്രമേ പണം നഷ്ടമാകാതിരിക്കൂ എന്ന് വ്യക്തം.

ഇതായിരുന്നില്ല പഴയ നിയമ കാലത്തെ സ്ഥിതി. അന്ന് പണപ്പെരുപ്പം എന്നൊന്ന് ഇല്ലായിരുന്നു. സ്വർണ്ണവും വെള്ളിയും കൊണ്ടുണ്ടാക്കിയ നാണയങ്ങൾക്ക് മൂല്യച്യുതി ഉണ്ടാകുകയുമില്ല. ഇന്ന് പേപ്പർ കറൻസിയാണ് ലോകമെമ്പാടും ഉപയോഗിക്കുന്നത്. പണപ്പെരുപ്പം ഉണ്ടാകുന്നതിന്റെ പ്രധാന കാരണം ഇതാണ്. സാമ്പത്തിക ശാസ്ത്രത്തേക്കുറിച്ചു പറഞ്ഞാൽ വിഷയം വിട്ടുപോകും. അതുകൊണ്ട് അതിനു തുനിയുന്നില്ല. ഈ പറഞ്ഞു വന്നതിന്റെ ചുരുക്കം ഇതാണ്: ഇക്കാലത്ത് പത്തോ പന്ത്രണ്ടോ ശതമാനം പലിശ എന്നത് പണപ്പെരുപ്പം മൂലം നഷ്ടമാകുന്ന മുതൽ മാത്രമാണ്. അത് വേണ്ടെന്നുവെച്ചാൽ സ്വന്തം മുതലാണ് നഷ്ടമാകുന്നത്. പക്ഷേ നാം ബ്ലേഡ് പലിശ എന്നു വിളിക്കുന്ന ഉയർന്ന പലിശ വാങ്ങുന്നത് ശരിയാണെന്ന് പറയാനാവില്ല.

അപവാദിക്ക് അപവാദം പറയാൻ ഇടകൊടുക്കാതിരിക്കാൻ വിശ്വാസികൾ ശ്രദ്ധിക്കണം. പണമിടപാട് ബിസിനസ്സ് നടത്തുന്നത് പാപമല്ല. എന്നാൽ അന്യായമായ പലിശ വാങ്ങുകയോ കൊടുക്കുകയോ ചെയ്യരുത്. വ്യാജരേഖ ചമച്ച് കള്ളക്കേസ്സുണ്ടാക്കി ആരേയും വഞ്ചിക്കരുത്. പലിശനിരക്ക് ഉൾപ്പെടെ എല്ലാ വ്യവസ്ഥകളും മുൻകൂട്ടി അറിയിച്ച് ഒപ്പിട്ടുവാങ്ങി മാത്രം പണം കടം കൊടുക്കാൻ ശ്രദ്ധിക്കണം.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ദൈവസഭയുടെ നേതാക്കൻമാരെ തെരഞ്ഞെടുക്കേണ്ടത് ദൈവമല്ലേ? സഭയുടെ നേതാക്കൻമാരെ വോട്ടിട്ട് തെരഞ്ഞെടുക്കുന്നത് വചനവിരുദ്ധമല്ലേ? ഐ.പി.സിയിലെ ഇലക്ഷന്റെ പശ്ചാത്തലത്തിൽ ഈ പ്രശ്നം ഡിഫെൻഡർ എങ്ങനെ വിലയിരുത്തുന്നു?

■ സഭയുടെ നേതാക്കൻമാരെ ദൈവം നിയമിക്കയാണ് ചെയ്യുന്നത്. വോട്ടിട്ട് തെരഞ്ഞെടുക്കുന്ന രീതി ദൈവസഭയിലില്ല. പക്ഷേ ഐ.പി.സി. ഒരു ചാരിറ്റബിൾ സൊസൈറ്റി മാത്രമാണ്, ദൈവസഭയല്ല. ഐ.പി.സിയുടെ നേതാവിനെ ദൈവം നിയമിക്കേണ്ട ആവശ്യമില്ല. കാരണം ഐ.പി.സി. ദൈവീക പദ്ധതിയിൽ ഇല്ല. മനുഷ്യനിർമ്മിതമായ ഒരു ചാരിറ്റബിൾ സൊസൈറ്റിയുടെ നേതാവിനെ ദൈവം നിയമിക്കുന്നതെന്തിന്?

ദൈവസഭ സ്ഥാപിക്കപ്പെട്ടത് ഒന്നാം നൂറ്റാണ്ടിലാണ്. പക്ഷേ ഐ.പി.സി. സ്ഥാപിക്കപ്പെട്ടത് 1935ൽ മാത്രമാണ്. അതുകൊണ്ടുതന്നെ ഐ.പി.സി. എന്നത് ദൈവസഭയല്ല എന്ന് വ്യക്തമാണ്. ഇന്ന് ഈ ലോകത്തുള്ള ഒരു ക്രൈസ്തവ സംഘടനയും സ്ഥാപിച്ചത് ദൈവമല്ല. ഇത്തരം സംഘടനകൾ ദൈവീക പദ്ധതിയിൽ ഉണ്ടായിരുന്നുമില്ല. യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്ന വ്യക്തി ക്രിസ്ത്യാനിയായിത്തീരുന്നു. ഇപ്രകാരം ക്രിത്യാനികളായവർ ദൈവത്തെ ആരാധിക്കാനായി പ്രാദേശിക അടിസ്ഥാനത്തിൽ കൂടിവരുന്നതാണ് പ്രാദേശിക സഭ. കൊരിന്തിലെ സഭ, ഗലാത്യയിലെ സഭ, അന്ത്യോക്യയിലെ സഭ തുടങ്ങിയവ ഉദാഹരണം. ഈ സഭകളെ കൂട്ടിച്ചേർത്ത് സംഘടന ഉണ്ടാക്കുന്ന പരിപാടി ദൈവവചനാനുസൃതമുള്ളതല്ല. ആയിരുന്നെങ്കിൽ ഒന്നാം നൂറ്റാണ്ടിൽത്തന്നെ ഇത്തരം സംഘടനകൾ നിലവിൽ വരുമായിരുന്നു.

സഭയിൽ അപ്പോസ്തലൻ, പ്രവാചകൻ, സുവിശേഷകൻ, ഇടയൻ, അദ്ധ്യാപകൻ എന്നിങ്ങനെയുള്ള ശുശ്രൂഷകരുണ്ട്. ഇവരെ ദൈവമാണ് നിയമിക്കുന്നത്. സെന്റർ പാസ്റ്റർ എന്ന അത്ഭുതജീവി ദൈവ വചനത്തിൽ ഉള്ളതല്ല. സഭക്ക് പ്രസിഡന്റും സെക്രട്ടറിയും ഒക്കെ ഉണ്ടായതും ദൈവവചനപ്രകാരമല്ല.

നാലാം നൂറ്റാണ്ടിൽ സഭ പാഗൺ മതവുമായി കൈകോർത്തതോടെയാണ് ഇത്തരം ദുരാചാരങ്ങൾ സഭയിൽ എത്തിയത്. ദൈവവചനം വിട്ട് വഷളായ സഭ പല സംഘടനകളായി പിരിഞ്ഞു. അവയിൽ ഏറ്റവും വലിയ സംഘടനയാണ് കത്തോലിക്ക സഭ എന്ന പേരിൽ അറിയപ്പെടുന്നത്. വിവിധ ഓർത്തഡോക്സ് സഭകൾ, മറ്റ് എപ്പിസ്ക്കോപ്പൽ സഭകൾ, പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനങ്ങൾ തുടങ്ങിയവയും വചനവിരുദ്ധമായ സംഘടനകളാണ്. പെന്തക്കോസ്തിലെ അസംഖ്യം സംഘടനകളും ഇവപോലെതന്നെ വചനവിരുദ്ധമായവതന്നെ. ഇവയൊന്നും ദൈവഹിതപ്രകാരം നിലവിൽ വന്നതല്ല. ദൈവവുമായി ഇവയ്ക്ക് ബന്ധവുമില്ല. പോപ്പിനെ തെരഞ്ഞെടുക്കുന്നതു മുതൽ പെന്തക്കോസ്തിലെ നേതാവിനെ തെരഞ്ഞെടുക്കുന്നതുവരെയുള്ള എല്ലാ തെരഞ്ഞെടുപ്പുകളും മാനുഷികമായ പരിപാടികളാണ്. ഇവയിൽ ദൈവം ഇടപെടുന്നില്ല. ആര് നേതാവായി വന്നാലും ദൈവത്തിന് ഗുണമോ ദോഷമോ ഇല്ല. കാരണം ഇവയൊന്നും ദൈവസഭയല്ല.

കെ.ഇ.ഏബ്രഹാമിന് ദൈവം കൊടുത്ത ദർശനം അനുസരിച്ച് അദ്ദേഹം 1924ൽ സ്ഥാപിച്ചതാണ് ഐ.പി.സി എന്നാണ് ഐ.പി.സിയിലെ ഭോഷ്ക്കിന്റെ പുത്രൻമാർ പ്രചരിപ്പിക്കുന്നത്. എന്നാൽ സത്യം ഇതല്ല. ഒരു സംഘടന സ്ഥാപിക്കണമെന്ന് കെ.ഇ. ഏബ്രഹാമിന് മാത്രമല്ല, ഐ.പി.സിയിലെ ആദ്യകാല നേതാക്കൻമാർക്കെല്ലാം തോന്നി. ദൈവം തോന്നിച്ചതല്ല, വെറുതെ തോന്നിയതാണ്. അങ്ങനെ അവർ എല്ലാം ചേർന്ന് 1935ൽ ഐ.പി.സി. എന്ന സംഘടന രജിസ്റ്റർ ചെയ്തു. 1924ൽ അല്ല 1935ൽ ആണ് ഐ.പി.സി. രജിസ്റ്റർ ചെയ്തത്. ബൈബിളിലെ നിയമം അനുസരിച്ചല്ല ഇന്ത്യൻ സൊസൈറ്റീസ് ആക്ട് അനുസരിച്ചാണ് ഐ.പി.സി. രജിസ്റ്റർ ചെയ്തത്. ഈ വസ്തുതകൾ ഐ.പി.സിയുടെ ലെറ്റർ പാഡിൽ തന്നെ കാണാവുന്നതാണ്. അതുകൊണ്ട് സംശയത്തിനോ തർക്കത്തിനോ സ്ഥാനമില്ല.

ഐ.പി.സിയുടെ ആദ്യകാല നേതാക്കൻമാരിൽ ഏറ്റവും അധികാര മോഹമുള്ളത് കെ.ഇ. ഏബ്രഹാമിനായിരുന്നു. അതുകൊണ്ട് അദ്ദേഹം മറ്റുള്ളവരെ പിൻതള്ളി നേതൃത്വത്തിൽ എത്തി. ഐ.പി.സി. സ്ഥാപിച്ചത് കെ.ഇ. ഏബ്രഹാമാണെന്നുവരെ പിൽക്കാലത്ത് പ്രചരണം ഉണ്ടാകത്തക്കവിധമുള്ള കള്ളക്കളികളാണ് കെ.ഇ.ഏബ്രഹാം നടത്തിയത്. കെ.ഇ.ഏബ്രഹാം നടത്തിയ സാമ്പത്തിക അഴിമതി അര നൂറ്റാണ്ടു മുൻപ് ഐ.പി.സിയുടെ പിളർപ്പിനുപോലും വഴിവെച്ചു. ഇന്ന് ചിലർ പ്രചരിപ്പിക്കുന്നതുപോലുള്ള പുണ്യപുരുഷനൊന്നും ആയിരുന്നില്ല കെ.ഇ.ഏബ്രഹാം എന്നു ചുരുക്കം.

കെ.ഇ.ഏബ്രഹാമിന്റെ കാലശേഷം അദ്ദേഹത്തിന്റെ മകനായ ടി.എസ്.ഏബ്രഹാം അധികാരത്തിലെത്തി. നേതാവെന്നല്ല ഒരു വിശ്വാസി ആയിരിക്കാനുള്ള യോഗ്യതപോലും ഈ നീചന് ഇല്ലായിരുന്നെങ്കിലും പഴയ തഴമ്പിന്റെ ബലത്തിൽ ടി.എസ്. ഏബ്രഹാം ഇതുവരെ അധികാരത്തിൽ തുടർന്നു.

ടി.എസ്.ഏബ്രഹാമിനു ശേഷവും അധികാരം കെ.ഇ.ഏബ്രഹാമിന്റെ കുടുംബത്തിൽ നിലനിർത്തേണ്ടത് അവരുടെ ആവശ്യമാണ്. അതുകൊണ്ട് അവർ അതിനുള്ള തന്ത്രങ്ങൾ പയറ്റുന്നു. അങ്ങനെയാണ് വൽസൻ ഏബ്രഹാം ജനറൽ സെക്രട്ടറി ആകുന്നത്. പ്രസിഡന്റ് സ്ഥാനത്തേക്കുള്ള ചവിട്ടുപടിയാണിത്. ആസന്ന ഭാവിയിൽ വൽസൻ ഐ.പി.സിയുടെ പ്രസിഡന്റാകും.

ദൈവമക്കൾ ഒരു കാര്യം മനസ്സിലാക്കണം: ഐ.പി.സി. ഉൾപ്പെടെയുള്ള ഒരു പെന്തക്കോസ്ത് സംഘടനയും ദൈവസഭയല്ല. ഇവയുടെ നേതാക്കൻമാരെ ദൈവം നിയമിക്കുന്നില്ല. ഈ നേതാക്കൻമാർക്ക് വിശേഷിച്ച് ഒരു ആത്മീയ അധികാരവുമില്ല.

# ബ്ലേഡ് പാസ്റ്റർക്കെതിരെ ദളിത് സംഘടനകൾ രംഗത്ത്

ബ്ലേഡ് ഇടപാടുകാരനായ പെന്തക്കോസ്തുകാരനെതിരെ ദളിത് സംഘടനകൾ രംഗത്തെത്തിയിരിക്കുന്നു. കോട്ടയം ഫിലെഡെൽഫിയ സഭാംഗവും ഐ.പി.സിയിലെ പ്രമുഖ പണക്കാരിൽ ഒരാളുമായ ഗ്ലാഡ്സൻ ജേക്കബ്ബാണ് വിവാദങ്ങളിൽ പെട്ടിരിക്കുന്നത്. ഇയാൾ അക്ഷരാർത്ഥത്തിൽ പാസ്റ്ററല്ലെങ്കിലും ഐ.പി.സിയുടെ മുൻപന്തിയിലുള്ളതുകൊണ്ട് പാസ്റ്ററായാണ് പൊതുജനം കണക്കാക്കുന്നത്.

ഇദ്ദേഹം കോടിക്കണക്കിന് രൂപ കൊള്ളപ്പലിശക്ക് കടം കൊടുത്തിട്ടുണ്ടെന്നും പണം തിരിച്ചുപിടിക്കാനായി ഒരു ഗുണ്ടാപ്പടയെ സംരക്ഷിക്കുന്നുണ്ട് എന്നുമാണ് പറയപ്പെടുന്നത്. ബ്ലേഡ് ബിസിനസ്സുമായി ബന്ധപ്പെട്ട് ഇദ്ദേഹം നിരവധി കേസ്സുകൾ കൊടുത്തിട്ടുമുണ്ട്. ഇവയിൽ പലതും കള്ളക്കേസ്സാണത്രേ.

നിരവധി ദളിതർ ഇയാളുടെ പീഡനങ്ങൾക്ക് ഇരയായെന്നും അതുമൂലമാണ് ദളിത് സംഘടനകൾ ഇയാൾക്കെതിരെ സമരം പ്രഖ്യാപിച്ചതെന്നുമാണ് അറിയാൻ കഴിഞ്ഞത്. ദളിത് സേന എന്ന സംഘടനയുടെ ഒരു കത്തിൽ ഇപ്രകാരം കാണുന്നു:

''നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ബ്ലേഡ് മാഫിയ ഉയർത്തി വിടുന്ന ഗുണ്ടായിസവും ഗുണ്ടാവിളയാട്ടവും അവസാനിപ്പിക്കുന്നതിനുള്ള അവസരം സംജാതമാകേണ്ടതായിട്ടുണ്ട്. പാവപ്പെട്ട ദളിത് വിഭാഗങ്ങളോടുപോലും കൊള്ളപ്പലിശ പിടിച്ചു വാങ്ങിക്കയും പീഡിപ്പിക്കയും ചെയ്യുന്നു. കഞ്ഞിക്കുഴി കേന്ദ്രമാക്കിയിട്ടുള്ള ബ്ലേഡ് മാഫിയ തലവൻ ഗ്ലാഡ്സൺ ജേക്കബ് പാസ്റ്റർ ദൈവവേല ചെയ്യുന്നവനും സ്വർഗ്ഗത്തിൽ പോകുന്നവനുമാകുന്നു. നീതി പാലിക്കുകയും കൊള്ളപ്പലിശ ഒഴിവാക്കി ഗുണ്ടാവിളയാട്ടം അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ദളിത് സംഘടനകളുടെ നേതൃത്വത്തിൽ മാർച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ആയതിലേക്ക് എല്ലാവിധ സഹായ സഹകരണങ്ങളും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു''.

ഡി.സി.എസ്. ഭാരവാഹികളാണ് ഈ നോട്ടീസ് പുറപ്പെടുവിച്ചിരിക്കുന്നത്. കൂടാതെ ഗ്ലാഡ്സൺ ജേക്കബ്ബിനെ ബ്ലേഡ് വിരുദ്ധ മുന്നണി ജനകീയ വിചാരണ നടത്തുകയും ചെയ്തു. ഈ സംഭവത്തേക്കുറിച്ച് മാദ്ധ്യമം ദിനപത്രത്തിന്റെ ജൂലൈ 10 ലക്കത്തിൽ വന്ന വാർത്ത താഴെ കൊടുക്കുന്നു.

(ബ്ലേഡുമായി ബന്ധപ്പെട്ടുള്ള ലേഖനം നാലാം പേജിൽ).

## പലിശക്ക് പണം നൽകുന്ന പാസ്റ്ററെ ജനകീയ വിചാരണ നടത്തി

കോട്ടയം: കൊള്ളപ്പലിശക്ക് പണം നൽകി കുപ്രസിദ്ധിനേടിയ പെന്തക്കോസ്ത് പാസ്റ്ററെ ബ്ലേഡ് വിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ ജനകീയ വിചാരണ നടത്തി. ഐ.പി.സി ഫിലാഡൽഫിയ കഞ്ഞിക്കുഴി ചാപ്റ്ററിന്റെ യൂത്ത്‌വിംഗ് ട്രഷററും സുവിശേഷകനുമായ കഞ്ഞിക്കുഴി സ്വദേശി ഗ്ലാഡ്സൺ ജേക്കബിനെയാണ് അമ്പതോളം വരുന്ന ബ്ലേഡ് വിരുദ്ധ പ്രവർത്തകർ പരസ്യവിചാരണ ചെയ്തത്.

ഇന്നലെ രാവിലെ 11 -ന് കഞ്ഞിക്കുഴിയിലെ ഫിലാഡൽഫിയ ചർച്ചിൽ പ്രാർഥനക്ക് ശേഷം ഇറങ്ങുമ്പോഴാണ് ഇയാളെ പിടികൂടിയത്. പരസ്യവിചാരണ നടക്കുന്നതിനിടെ വന്ന പോലിസ് ജീപ്പിൽ കയറി ഗ്ലാഡ്സൺ രക്ഷപ്പെട്ടു. വ്യക്തികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കുമായി കോടിക്കണക്കിന് രൂപ ഇയാൾ പലിശക്ക് നൽകിയിട്ടുണ്ട്. തുകയെഴുതാത്ത ചെക്ക് വാങ്ങിയാണ് തുക നൽകിയിരുന്നത്. കോട്ടയം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ മാത്രം നാനൂറോളം ചെക്ക് കേസുകൾ ഇയാളും ബിനാമികളും ചേർന്ന് ഫയൽ ചെയ്തിട്ടുണ്ട്. അടുത്ത കാലത്തായി പണം വാങ്ങിയവർക്കെതിരെ മഹാരാഷ്ട്ര, ആന്ധ്ര, കർണാടക സംസ്ഥാനങ്ങളിലെ കോടതികളിലും ഇയാൾ കേസ് ഫയൽ ചെയ്തിരുന്നു.

സ്വന്തമായി ഗുണ്ടാസംഘമുള്ള പാസ്റ്റർ എട്ട് ബിനാമികളെ ഉപയോഗിച്ചാണ് ബിസിനസ് നടത്തുന്നത്. കഞ്ഞിക്കുഴിയിലെ പെനിയൽ ട്രാവൽസ് എന്ന സ്ഥാപനവും ഇയാൾക്കുണ്ട്. ബേക്കർ ജംഗ്ഷന് സമീപം ഇയാളും ഗുണ്ടകളും ചേർന്ന് സമാന്തര പോലിസ് സ്റ്റേഷൻ നടത്തിയിരുന്നതായും അറിയുന്നു. പണമെടുത്ത ശേഷം തിരിച്ചടവിന് താമസം നേരിട്ടാൽ ഇവിടുത്തെ ലോക്കപ്പിൽ കൊണ്ടുവന്ന് മൂന്നാംമുറ പ്രയോഗം നടത്തിയിരുന്നത്രേ.

പ്രാർഥനക്ക് ശേഷം ഇറങ്ങിയ ഗ്ലാഡ്സണെ മണിയടിച്ച് ആളെക്കൂട്ടിയാണ് ബ്ലേഡ് വിരുദ്ധ സമിതി പ്രവർത്തകർ വിചാരണ ആരംഭിച്ചത്. പിന്നീട് എൽ.ഡി.എഫ് കൺവീനർ വൈക്കം വിശ്വന് സമിതി പ്രവർത്തകർ പരാതി നൽകി.

# സാമച്ചന്റെ മഹത്വം ഷിബും പാടുന്നു

ഷിബു പീടിയേക്കൽ എന്ന മഹാനെ അറിയാമോ? ഇല്ലെങ്കിൽ നിങ്ങളുടെ ജീവിതമേ വ്യർത്ഥമാണ്. അതുകൊണ്ട് ഈ മാന്യ ദേഹത്തെ പരിചയപ്പെടുത്താം. സ്വന്തം സ്ഥലം മണർകാട്. റാന്നിയിലെ ചുമ്മാ ഡോ ബാബു ജോർജിന്റെ ശിഷ്യനാണ്. ഗുരുവിനേപ്പോലെതന്നെ ശിഷ്യനും എന്നു പറഞ്ഞാൽ കാര്യങ്ങൾ ഏകദേശം മനസ്സിലാക്കാമല്ലോ.

പെണ്ണുംപിള്ളക്ക് ലണ്ടനിൽ ജോലി കിട്ടിയപ്പോൾ വാലു പോലെ ഷിബുവും ലണ്ടനിലെത്തി. മറ്റൊരു പണിയും അറിഞ്ഞുകൂടാത്തതുകൊണ്ട് സുവിശേഷവേല ചെയ്തു. അങ്ങനെ ഒരു ചെറിയ സഭ സ്ഥാപിച്ചു.

ബാബു ജോർജിന്റെ ശിഷ്യനായതുകൊണ്ട് എന്തു വിവരക്കേടും വിളിച്ചു പറയാൻ ശങ്കയില്ല. അതുകൊണ്ട് അത്യുഗ്രൻ ഉണർവ്വ് പ്രസംഗകനും രോഗശാന്തിക്കാരനുമൊക്കെയായി ഭാവിച്ച് ഉലകം ചുറ്റി നടക്കുന്നു. ഇടയ്ക്കൊക്കെ കേരളത്തിലും വന്ന് ഷൈൻ ചെയ്യും. പണമുള്ളതുകൊണ്ട് ചില പത്രക്കാർ ഷിബുവിനെ വാഴ്ത്തിപ്പാടുന്നുമുണ്ട്. (ഷിബുവിനേക്കുറിച്ച് കുറച്ചധികം പറയാനുണ്ട്. അത് മറ്റൊരു ലക്കത്തിൽ ആകട്ടെ).

സാമച്ചൻ എന്ന കള്ള പ്രവാചകന്റെ അപദാനങ്ങൾ പെന്തക്കോസ്തിലെ ചില പത്രനപുംസകങ്ങൾ പാടുന്ന സമയമാണല്ലോ ഇത്. അക്കൂട്ടത്തിലുള്ള ഒരു പത്രത്തിൽ സാമച്ചനേക്കുറിച്ച് ഷിബുവിന്റെ വക ഒരു കുറിപ്പ് ഈയിടെ കണ്ടു. സാമച്ചൻ അത്യുഗ്രൻ പ്രവാചകനാണെന്നതിന് ഷിബു തെളിവ് നിരത്തുകയാണ്. ലണ്ടനിൽ സാമച്ചൻ വന്നപ്പോൾ ഷിബുവിന്റെ സഭയും സന്ദർശിച്ചു. അവിടെവച്ച് സാമച്ചൻ നടത്തിയ ശുശ്രൂഷ കണ്ട് ഷിബു വണ്ടറടിച്ചു. എന്തായിരുന്നൂ ആ ശുശ്രൂഷ? പറയാം. യോഗത്തിൽ പങ്കെടുക്കാൻ എത്തിയ വിദേശികളുടെ പേരുകൾ സാമച്ചൻ വിളിച്ചു പറഞ്ഞത്രേ. ഉഗ്രൻ അത്ഭുതം തന്നെ.

എന്തിനാണ് സാമച്ചൻ പേരു വിളിച്ചത്? അത് ഷിബു പറയുന്നില്ല. പേരു വിളിച്ചു എന്നല്ലാതെ മറ്റെന്തെങ്കിലും അത്ഭുതം അവിടെ നടന്നതായി ഷിബു പറയുന്നില്ല. ഇവരുടെയൊക്കെ പേര് വെളിപ്പെടുത്തിയത് ദൈവമാണെങ്കിൽ എന്തിന് പേരു വെളിപ്പെടുത്തി? ചുമ്മാ, ഒരു രസത്തിന് എന്ന് പറയാനൊക്കുമോ? പള്ളിക്കൂടത്തിൽ സാറൻമാർ ഹാജർ വിളിക്കുന്നതുപോലെ കുറെ വിദേശികളുടെ പേരു വിളിച്ചിട്ട് വെറുതെ വിടുന്ന ഒരു ദൈവമുണ്ടെങ്കിൽ ആ ദൈവം ബൈബിളിലെ ദൈവമല്ലെന്നു തീർച്ച.




# ജോർജ് മാത്യു പുതുപ്പള്ളി മറുപടി പറയണം

ഓർത്തഡോക്സ്-യാക്കോബായ സഭകളിൽ നിന്ന് ലക്ഷക്കണക്കിന് ആളുകൾ വിവിധ പെന്തക്കോസ്ത് സഭകളിൽ ചേർന്നിട്ടുണ്ട്. ഇതുമൂലം ഓർത്തഡോക്സ്-യാക്കോബായ സഭകൾ പെന്തക്കോസ്ത് വിശ്വാസത്തെ കഠിനമായി എതിർക്കയും ചെയ്യുന്നു. ഇന്നത്തെ നില തുടർന്നാൽ പട്ടത്വ സഭകളിൽ ആളില്ലാതാകും എന്നതാണ് സ്ഥിതി.

ഓർത്തഡോക്സ് വിഭാഗത്തെ ഏറ്റവും അധികം ഉലച്ചത് കാനം അച്ചൻ പെന്തക്കോസ്ത് വിശ്വാസിയായ സംഭവമാണ്. വിശ്വാസത്തിന്റെ പേരിൽ മാത്രമാണ് അദ്ദേഹം ഓർത്തഡോക്സ് സഭ വിട്ട് പെന്തക്കോസ്ത് വിശ്വാസം സ്വീകരിച്ചത്. അതുകൊണ്ട് ശത്രുക്കൾക്കുപോലും കാനം അച്ചനെ വ്യക്തിപരമായി അവഹേളിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് പെന്തക്കോസ്ത് വിശ്വാസം തെറ്റാണെന്നു തെളിയിക്കാൻ മാത്രമാണ് അവർ ശ്രമിച്ചത്. മലങ്കര ക്രിസ്ത്യൻ ചർച്ച് എന്ന പേരിൽ അറിയപ്പെടുന്ന പ്രസ്ഥാനത്തിലും കുറെ അച്ചൻമാരുണ്ട്. അവരും വിശ്വാസത്തിന്റെ പേരിൽ മാത്രം ഇറങ്ങിത്തിരിച്ചവരാണ്.

പുതുപ്പള്ളിയച്ചൻ എന്ന പേരിൽ അറിയപ്പെടുന്ന ജോർജ് മാത്യു പുതുപ്പള്ളി പെന്തക്കോസ്ത് സഭകളിൽ ഏറെ അറിയപ്പെടുന്ന വ്യക്തിയാണ്. ഓർത്തഡോക്സ് സഭയിലെ പുരോഹിതനായി ഡൽഹിയിൽ പ്രവർത്തിച്ചിരുന്ന ഇദ്ദേഹം പെന്തക്കോസ്ത് വിശ്വാസത്തിൽ വന്ന സംഭവം ഏറെ ചർച്ച ചെയ്യപ്പെട്ടു. ഓർത്തഡോക്സ് വിശ്വാസം തെറ്റാണെന്ന് മനസ്സിലായപ്പോൾ പുതുപ്പള്ളിയച്ചൻ അതുവിട്ട് പെന്തക്കോസ്ത് വിശ്വാസത്തിൽ വന്നു എന്നാണ് കേട്ടത്. പുതുപ്പള്ളിയച്ചൻ സ്വന്തം അനുഭവ സാക്ഷ്യത്തിലും ഇതൊക്കെത്തന്നെയാണ് പറയുന്നത്. പക്ഷേ ഇതിന് വിപരീതമായ ഒരു വിശദീകരണം ഈയിടെ ഒരു സി.ഡിയിൽ കേൾക്കുവാൻ ഇടയായി. അതുകൊണ്ടാണ് ഈ കുറിപ്പ് എഴുതുന്നത്.

ബഹറിനിലുള്ള സെന്റ് മെരീസ് ഓർത്തഡോക്സ് സഭയുടെ വികാരിയായ ഫാ.കുര്യാക്കോസ് തണ്ണിക്കോട് പെന്തക്കോസ്ത് സഭകളുടെ പ്രഖ്യാപിത ശത്രുവാണ്. തന്റെ സഭയിലെ അംഗങ്ങളെ തട്ടിയെടുക്കുന്ന പെന്തക്കോസ്തുകാരെ അദ്ദേഹം എതിർക്കുന്നത് തികച്ചും സ്വാഭാവികം. ഓർത്തഡോക്സ് സഭയിൽ നിന്ന് പെന്തക്കോസ്തിലേക്കുള്ള ഒഴുക്ക് തടയാൻ അദ്ദേഹം ആവോളം ശ്രമിച്ചുവരുന്നു.

ബഹറിനിലുള്ള വിവിധ പെന്തക്കോസ്ത് സഭകളിലേക്ക് ഓർത്തഡോക്സ് വിശ്വാസികൾ പോകുന്നത് തടയാനായി അദ്ദേഹം തന്റെ സഭയിൽ ബൈബിൾ ക്ലാസ്സ് ആരംഭിച്ചു. ഈ ക്ലാസ്സിന്റെ സി.ഡികൾ ഇപ്പോൾ ലഭ്യമാണ്. ഇതോടുള്ള ബന്ധത്തിൽ ''വിശ്വാസിയായിരിക്ക'' എന്നൊരു പുസ്തകവും അദ്ദേഹം എഴുതിയിട്ടുണ്ട്. വിശ്വാസത്തിന്റെ പേരിലല്ല മറിച്ച് മറ്റു പല കാരണങ്ങളാലുമാണ് ഓർത്തഡോക്സ് സഭയിൽ നിന്നും അച്ചൻമാരും വിശ്വാസികളും പെന്തക്കോസ്തിലേക്കു പോകുന്നത് എന്ന് തെളിയിക്കാനായി തണ്ണിക്കോട്ടച്ചൻ ജോർജ് മാത്യു പുതുപ്പള്ളി പെന്തക്കോസ്തിൽ ചേർന്ന സംഭവം ചൂണ്ടിക്കാട്ടുന്നു. അച്ചൻ പറയുന്നതിന്റെ രത്നച്ചുരുക്കം ഇതാണ്:

ജോർജ് മാത്യു പുതുപ്പള്ളി അവിവാഹിതനായിരിക്കെ അച്ചൻ പട്ടം സ്വീകരിച്ച വ്യക്തിയാണ്. അതുകൊണ്ട് അദ്ദേഹത്തിന് വിവാഹം കഴിക്കാൻ അനുവാദമില്ല. എന്നാൽ പുതുപ്പള്ളിയച്ചൻ ഡൽഹിയിൽ വികാരിയായിരിക്കുന്ന കാലത്ത് ആ പള്ളിയിലെ അംഗമായ ഒരു സ്ത്രീയുമായി അവിഹിത ബന്ധത്തിലായി. വിവാഹം കഴിക്കാൻ സഭ അനുവദിക്കില്ലെന്നു വ്യക്തമായപ്പോൾ ഓർത്തഡോക്സ് സഭ വിട്ടു. പിന്നീട് അപ്രേമിന്റെ സഭയിലും മറ്റും ചുറ്റിക്കറങ്ങി. ജീവിക്കാൻ മറ്റൊരു മാർഗ്ഗവും ഇല്ലാതായപ്പോൾ പെന്തക്കോസ്ത് സഭയിൽ ചേർന്നു.

ഇത്തരം ആരോപണങ്ങളേക്കുറിച്ച് കേട്ടാൽ അതീവ രഹസ്യമായി അന്വേഷിക്കയാണ് ഡിഫെൻഡർ സാധാരണയായി ചെയ്യുക. പക്ഷേ തണ്ണിക്കോട്ടച്ചൻ ഉന്നയിച്ച ആരോപണം നേരിട്ടും സി.ഡിയിലൂടെയും ആയിരക്കണക്കിന് ആളുകൾ കേട്ടുകഴിഞ്ഞതുകൊണ്ട് ചോദ്യം പരസ്യമായി ഉന്നയിക്കയാണ്. പുതുപ്പള്ളിയച്ചൻ സത്യസന്ധമായ മറുപടി പറയണം. അച്ചനായശേഷം പെണ്ണുകെട്ടി, നിക്കക്കള്ളിയില്ലാതായപ്പോൾ ഓർത്തഡോക്സ് സഭ വിട്ട് പെന്തക്കോസ്തിലെത്തിയ വ്യക്തിയാണോ ജോർജ് മാത്യു പുതുപ്പള്ളി?

# അവാർഡ്ടൂൺ.കോം

## ക്രൈസ്തവചിന്തയും അവാർഡ് കൊടുത്തു

ഒട്ടൊക്കെ നിലവാരം പുലർത്തുന്ന പെന്തക്കോസ്ത് പത്രമാണ് ക്രൈസ്തവചിന്ത. എന്നാൽ എഡിറ്ററായ കെ. എൻ.റസ്സൽ വിദേശത്തേക്ക് പോയതോടെ ഈ പ്രസിദ്ധീകരണത്തിന്റെ നിലവാരം ഇടിയാൻ തുടങ്ങി. ഇപ്പോൾ ഇതാ അവാർഡ് കൊടുക്കുന്ന നിലയിലുമെത്തി.

ക്രൈസ്തവചിന്ത എട്ടാം വയസ്സിലേക്ക് കടക്കുന്ന മഹാമഹം ആഘോഷിക്കുന്നതിന്റെ ഭാഗമായിട്ടാണ് അവാർഡ് നൽകുന്നത്. നാലു പേർക്ക് അവാർഡ് കൊടുക്കാനാണ് തീരുമാനം. ആഗസ്റ്റ് 13ന് തിരുവല്ല വൈ.എം.സി.എയിൽ നടക്കുന്ന വാർഷിക സമ്മേളനത്തിൽ അവാർഡുകൾ വിതരണം ചെയ്യുമെന്നറിയുന്നു. ഒരു പെന്തക്കോസ്തുകാരനും അവാർഡ് നിഷേധിച്ചതായി ചരിത്രരേഖയില്ല. അതുകൊണ്ട് അവാർഡ് ജേതാക്കൾ സ്ഥലത്തെത്തുമെന്നും അവാർഡുകൾ രണ്ടുകൈയ്യും നീട്ടി വാങ്ങുമെന്നും കരുതാം.

എട്ടാം വയസ്സിലേക്ക് കടക്കുന്നതുകൊണ്ട് എട്ട് അവാർഡെങ്കിലും കൊടുക്കേണ്ടതായിരുന്നു. പത്തു വർഷം തികച്ചപ്പോൾ ഹാലേലൂയ്യാ എട്ട് അവാർഡുകൾ കൊടുത്തു. സുഭാഷിതം ഒരു വർഷം തികച്ച വകയിൽ മോഷണായി കൊടുത്തത് 15 അവാർഡാണ്. ആ കണക്കുവെച്ച് പറഞ്ഞാൽ നൂറ് അവാർഡെങ്കിലും കൊടുക്കാനുള്ള യോഗ്യത ക്രൈസ്തവ ചിന്തക്കുണ്ടെന്ന് പറയാം.

മോഷണായിയുടെ പത്രത്തിന്റെ നിലവാരമല്ല ക്രൈസ്തവചിന്തയ്ക്കുള്ളത്. അവാർഡ് കൊടുക്കുകയും വാങ്ങുകയും ചെയ്യുക എന്നത് മോഷണായിയുടെ ജീവിതത്തിന്റെ ഭാഗമാണ്. ഈ ചങ്ങാതിയുടെ നിലനിൽപ്പുതന്നെ അവാർഡിലാണ്. പക്ഷേ ഇത്തരം വൃത്തികേടുകളൊന്നും കൂടാതെ പിടിച്ചു നിൽക്കാനുള്ള നിലവാരം ക്രൈസ്തവചിന്തയ്ക്കുണ്ട്. അതുകൊണ്ട് അവാർഡ് കൊടുത്ത് വിഡ്ഢിവേഷം കെട്ടുന്ന പരിപാടി വേണ്ടെന്നു വെയ്ക്കാനുള്ള വിവേകം പത്രാധിപർ കാണിക്കേണ്ടതായിരുന്നു. ഇത്തരം പരിപാടികളുമായി മുൻപോട്ടു പോകാനാണ് തീരുമാനമെങ്കിൽ ക്രൈസ്തവചിന്ത ഏറെ താമസിയാതെ ക്രൈസ്തവചന്തയാകും.




# അവാർഡുകളെ ഡിഫെൻഡർ എന്തുകൊണ്ട് എതിർക്കുന്നു?

ഡിഫെൻഡറിന് അവാർഡുകളോട് എന്താണ് ഇത്ര വിരോധം? സത്യം സത്യമായി പറഞ്ഞാൽ ഡിഫെൻഡറിന് അവാർഡുകളോട് ഒരു വിരോധവുമില്ല. അവാർഡിന്റെ പേരിലുള്ള തട്ടിപ്പുകളെയാണ് ഡിഫെൻഡർ എതിർക്കുന്നത്. വിശദീകരിക്കാം.

ലോകത്തിലെ ഏറ്റവും വലിയ അവാർഡ് നൊബേൽ സമ്മാനമാണ്. ഇതിന്റെ ശ്രേഷ്ഠത എത്രയെന്ന് വിശേഷിച്ച് പറയേണ്ടതില്ല. ഇന്ത്യയിലെ ഏറ്റവും വലിയ സാഹിത്യ അവാർഡ് ജ്ഞാനപീഠമാണ്. അത് ലഭിക്കണമെന്ന് ആഗ്രഹിക്കാത്ത സാഹിത്യകാരൻമാരുണ്ടാകുമോ എന്ന് സംശയമാണ്. കേന്ദ്ര സാഹിത്യ അക്കാഡമി അവാർഡ്, കേരള സാഹിത്യ അക്കാഡമി അവാർഡ്, എഴുത്തച്ഛൻ പുരസ്ക്കാരം, വയലാർ അവാർഡ് തുടങ്ങി മാന്യതയുള്ള ഒട്ടേറെ അവാർഡുകളുണ്ട്. ഇവ ലഭിക്കുന്നതും അഭികാമ്യം തന്നെ. പക്ഷേ ഇതല്ല പെന്തക്കോസ്ത് അവാർഡുകളുടെ സ്ഥിതി.

ക്രൈസ്തവ സാഹിത്യ അക്കാഡമി എന്നൊരു ഏടാകൂടമുണ്ട്. അവാർഡുകൾ പ്രഖ്യാപിക്കുക, അവാർഡുകൾ കൊടുക്കുക എന്നിവയാണ് മുഖ്യ പരിപാടി. പെന്തക്കോസ്ത് പ്രസ്സ് അസോസിയേഷൻ എന്നൊരു സംഘടന ഉണ്ടായിരുന്നു. അവർ കുറച്ചുകാലം അവാർഡുകൾ കൊടുക്കുകയും ചെയ്തു. പക്ഷേ ഈയിടെയായി ഈ പ്രസ്ഥാനത്തേക്കുറിച്ച് കേൾക്കാനില്ല.

സർഗ്ഗ സമിതി എന്നൊരു സംഘടന പതിവായി, ആണ്ടുതോറും അവാർഡ് കൊടുത്തിരുന്നു. പതിനായിരം രൂപയായിരുന്നു അവാർഡ് തുക. അമേരിക്കയിലുള്ള ഒരു മലയാളി ഈ തുക നൽകിവന്നിരുന്നതിനാൽ അവാർഡ് വെറും കടലാസ് മാത്രമായി അവശേഷിക്കുന്ന പതിവുമില്ലായിരുന്നു. പക്ഷേ മോഷണായിയേപ്പോലുള്ളവർ അവാർഡ് കൊടുക്കാൻ തുടങ്ങിയതോടെ അവാർഡ് കൊടുക്കാൻ സർഗ്ഗസമിതിക്ക് നാണമായി. അങ്ങനെ ആ അവാർഡ് ഇല്ലാതായി.

അവാർഡിന്റെ വില കളഞ്ഞത് മോഷണായിയാണ്. മാസത്തിൽ ശരാശരി ഒരു അവാർഡെങ്കിലും കൊടുത്തില്ലെങ്കിൽ ഈ മാന്യന് ഉറക്കം വരില്ല. വിശേഷിച്ച് ഒരു കാരണവും ഇല്ലാതെ മോഷണായി അവാർഡ് കൊടുക്കും. പെന്തക്കോസ്തിലെ മക്കുണൻമാർ ഈ അവാർഡുകൾ രണ്ടുകൈയും നീട്ടി വാങ്ങും. നാളിതുവരെ മോഷണായി എത്ര അവാർഡ് കൊടുത്തിട്ടുണ്ടെന്ന് ഒരു എത്തും പിടിയുമില്ല. മോഷണായിയുടെ പാത പിൻതുടർന്ന് ഇപ്പോൾ മറ്റു പത്രങ്ങളും അവാർഡ് കൊടുക്കാൻ തുടങ്ങിയിട്ടുണ്ട്.

ഇത്തരം അവാർഡുകൾ കൊടുക്കുന്നവരെ മാത്രമാണ് ഡിഫെൻഡർ ഇതുവരെ വിമർശിച്ചിരുന്നത്. ഇനി അവാർഡ് വാങ്ങുന്നവരേയും വിമർശിക്കും. അല്പമെങ്കിലും നാണവും മാനവും ഉള്ളവർ ആരും അവാർഡ് വാങ്ങാൻ പോകാത്ത സ്ഥിതി ഉണ്ടാകണം.

# ഭവനദാതാവിനെ അറസ്റ്റ് ചെയ്തു

സൗജന്യമായി വീട് നൽകുമെന്നു പറഞ്ഞ് കബളിപ്പിച്ച് പത്തുകോടിയോളം രൂപ തട്ടിയെടുത്ത വ്യാജ ബിഷപ്പിനെ ചെന്നൈയിൽ അറസ്റ്റ് ചെയ്തു. ആനന്ദ രാജ് എന്ന വ്യക്തിയും കുടുംബവുമാണ് പോലീസ് പിടിയിലായത്. ഈ സംഭവത്തേക്കുറിച്ച് ദേശാഭിമാനിയിൽ വാർത്ത വന്നിരുന്നു. ഒരു ഇംഗ്ലീഷ് പത്രത്തിൽ വന്ന വാർത്ത അടുത്ത കോളത്തിൽ കൊടുക്കുന്നു. ആനന്ദരാജ് നടത്തുന്നതായി പറയപ്പെടുന്ന പ്രവർത്തനങ്ങളേക്കുറിച്ച് അറിയുവാൻ www.molinmissionchurch.org എന്ന വെബ്സൈറ്റ് നോക്കുക.

ആനന്ദരാജ് അറസ്റ്റിലായതോടെ കാൽവറി മിഷൻ ട്രസ്റ്റ് പ്രവർത്തകർ അങ്കലാപ്പിൽ ആയിരിക്കയാണ്. ആനന്ദരാജിന്റെ മറ്റൊരു പതിപ്പാണ് കാൽവറി മിഷനിലെ വിഷപ്പായ പോൾ രവി സഞ്ജീവിനി. രണ്ടുപേരുടേയും വേഷത്തിൽപ്പോലുമുണ്ട് സമാനത. ഒരേ തരത്തിലുള്ള തട്ടിപ്പാണ് ഇരുവരും നടത്തുന്നത്.

വീട് നൽകാമെന്നു പറഞ്ഞ് കാൽവറി മിഷൻ അനേകരെ കബളിപ്പിച്ചതായി ഏതാനും ദിവസം മുൻപ് അമൃത ടി.വിയിൽ വാർത്ത വന്നിരുന്നു. അതിനുശേഷം കാൽവറി മിഷൻ ട്രസ്റ്റ് ഒരു പത്രത്തിൽ നൽകിയ പരസ്യം താഴെ കൊടുക്കുന്നു.

ആയിരക്കണക്കിന് ആളുകൾക്ക് തികച്ചും സൗജന്യമായി വീട് നിർമ്മിച്ച് നൽകുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. പക്ഷേ ഇത്തരം വാഗ്ദാനങ്ങൾ നൽകി ജനവഞ്ചന നടത്താൽ വലിയ ബുദ്ധിമുട്ടില്ല. അതുകൊണ്ട് സൂക്ഷിക്കുക. ഇത്തരം കള്ളൻമാർക്ക് പണം കൊടുക്കരുത്.

## പൊതുജന ശ്രദ്ധയ്ക്ക്



ICMT നിർദ്ധനർക്ക് നല്കുന്ന വീടുകൾ 100% സൗജന്യമാണ്. ആയതിന്റെ പേരിൽ ഏതെങ്കിലും വ്യക്തികളോ പ്രസ്ഥാനങ്ങളോ, നിങ്ങളുടെ പക്കൽ നിന്നും എന്റെ പേരിലോ (Rev. Dr. Job Saravanan, Bishop, ICMT), ICMT യുടെ പേരിലോ കൈക്കൂലിയോ, പാരിതോഷികമോ വാങ്ങിയാൽ ഞങ്ങൾ അതിൽ ഉത്തരവാദിയല്ല. ഞങ്ങൾ ജാതിയോ മതമോ ഒരു വ്യത്യാസവുമില്ലാതെ നിർദ്ധനർക്ക് വീട് നല്കിവരുന്നു. കേരളത്തിൽ മാത്രം 300 ഓളം വീടുകളുടെ പണി നടന്നുവരുന്നു. തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര, പാറശ്ശാല, കാഞ്ഞിരംകുളം കൊല്ലം ജില്ലയിൽ പുനലൂർ, കരവാളൂർ, മണലിൽ പത്തനംതിട്ട ജില്ലയിൽ അടൂർ, കൂടൽ ഇടുക്കി ജില്ലയിൽ തൊപ്പിപ്പാള, വാഴത്തോപ്പ്, കട്ടപ്പന കോഴിക്കോട് ജില്ലയിൽ കൊപ്പം വില്ലേജിലും 300 ഓളം വീടുകളുടെ പണി പൂർത്തീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. മറ്റനവധി വീടുകളുടെ പണി നടന്നുവരുന്നു. ചില മാധ്യമങ്ങൾ പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിച്ചത് തീർത്തും അടിസ്ഥാനരഹിതമാണ്.

എന്ന് ICM നുവേണ്ടി ട്രസ്റ്റി
പോൾ രവി സഞ്ജീവിനി
09344680606, 044 - 42655714

# അജി എന്തേ തുടർന്നില്ല?

ഏത് അജി, എവിടത്തെ അജി എന്നൊക്കെ ചോദിക്കുന്നതിനു മൻപ് കാര്യം പറഞ്ഞേക്കാം: അജി അത്ര പ്രശസ്തനൊന്നുമല്ല. എങ്ങനെയെങ്കിലും അല്പം പ്രശസ്തി ഉണ്ടാക്കണമെന്ന മോഹവുമായി നടക്കുന്ന ആളാണ് അജി. മുഴുവൻ പേര് അജി തോമസ്. ക്രൈസ്തവചിന്തയുടെ പ്രവർത്തകരുമായി അടുത്ത ബന്ധമുള്ളതുകൊണ്ട് ഇടയ്ക്കൊക്കെ ക്രൈസ്തവചിന്തയിൽ എഴുതും. മഹാവിഷ്ണു രാമച്ചമായി അവതരിച്ചു എന്ന് ഒരിക്കൽ ക്രൈസ്തവചിന്തയിൽ എഴുതിയ വീരനാണ് ഇദ്ദേഹം.

ജൂലൈ ലക്കം ക്രൈസ്തവചിന്തയിൽ ''നിലമ്പൂർ: ത്രസിപ്പിക്കുന്ന ഓർമ്മകളുടേയും രാജകീയ പ്രതാപത്തിന്റേയും നാട്'' എന്ന തലക്കെട്ടോടെ ഒരു ലേഖനം എഴുതിയിരുന്നു. ''തുടരും'' എന്നൊരു ഭീഷണിയും ഒപ്പം ഉണ്ടായിരുന്നു. പക്ഷേ ആഗസ്റ്റ് ലക്കത്തിൽ തുടരന്റെ ബാക്കി കണ്ടില്ല. ഇത് അത്ര വലിയ കാര്യമാണോ എന്നു ചോദിച്ചേക്കാം. തീർച്ചയായും അതെ. കാരണം, അജിയുടെ ലേഖനം ചിരിക്കാനുള്ള വക നൽകുന്ന രസികൻ സാധനമായിരുന്നു. അത് ഒരുലക്കം പോലും മുടങ്ങുന്നത് സഹിക്കാൻ പറ്റുന്നില്ല. ഇതാ ഒരു സാമ്പിൾ:

''പോരാട്ടങ്ങളുടേയും ചെറുത്തുനിൽപ്പിന്റേയും വിപ്ലവ രക്തസാക്ഷിത്വത്തിന്റേയും പടയോട്ടങ്ങളുടേയും സാംസ്ക്കാരിക അടിത്തറയുടേയും കുടിയേറ്റത്തിന്റേയും തദ്വാരാ മതതീവ്രതയുടേയും ബാലവിവാഹത്തിന്റേയും ഭൂത-വർത്തമാന കഥകൾ കൊണ്ടും സമ്പന്നമാണീ കിഴക്കൻ ഏറനാടെന്ന സഹ്യന്റെ തീരഭൂമി''.

മലയാള ഭാഷയിൽ സാമാന്യ പരിജ്ഞാനമുള്ള ഏവരും ''എന്റമ്മോ'' എന്ന് നിലവിളിച്ചു പോകുന്നത്ര വഷളായ ഇത്തരം ഭാഷയിൽ എഴുതാൻ അജിയേപ്പോലെ ചുരുക്കം ആളുകൾക്കേ കഴിയൂ.

അജിയോട് ഒരു സംശയം ചോദിക്കട്ടെ: മലയാള ഭാഷയോട് എന്താണ് അജിക്ക് ഇത്ര വിരോധം? എന്തിനാണ് അജീ മാതൃഭാഷയെ ഇങ്ങനെ കൊല്ലാക്കൊല ചെയ്യുന്നത്?

പത്രത്തിൽ പേര് അടിച്ചുകാണാൻ ആർക്കും മോഹമുണ്ടാകുക സ്വാഭാവികം. പക്ഷേ എഴുതാൻ മറ്റു ചിലതൊക്കെക്കൂടി വേണം. ഭാഷാജ്ഞാനം, ജൻമവാസന തുടങ്ങിയവ ഒഴിവാക്കാനാവില്ല. ഏതു വിഷയത്തേക്കുറിച്ച് എഴുതുന്നോ ആ വിഷയത്തേക്കുറിച്ചുള്ള അറിവും വേണം. പക്ഷേ അജിക്ക് എഴുത്തുകാരനാകാനുള്ള മോഹം മാത്രമാണ് ആകെയുള്ള കൈമുതൽ. അതാണ് പ്രശ്നം. അതുകൊണ്ട് അജി ദയവായി ചില കാര്യങ്ങൾ ചെയ്യണം.

1. മലയാളം അറിയാവുന്ന ആർക്കെങ്കിലും ശിഷ്യപ്പെട്ട് ഭാഷ പഠിക്കുക. തെറ്റു കൂടാതെ മലയാളം എഴുതാൻ പഠിച്ചശേഷം മാത്രം എഴുതുക.
2. നീണ്ട വാചകങ്ങൾ എഴുതിയേ മതിയാകൂ എന്ന് നിർബ്ബന്ധമാണെങ്കിൽ വ്യാകരണം പഠിക്കുക.
3. എഴുതാൻ ഉദ്ദേശിക്കുന്ന വിഷയത്തേക്കുറിച്ച് നന്നായി പഠിച്ചിട്ട് എഴുതുക.

# 35 contractors lodge complaint against bishop



As many as 35 building contractors on Tuesday gave a written complaint to Kancheepuram Superintendent of Police A Amalarj against Rev Bishop Dr S Anandraj, Archbishop, Molin Mission Church, who was arrested on August 4 on charges of cheating.

The contractors were represented by Trans India Foundation, Chennai, which gave the SP a detailed list of contractors who had paid Earnest Money Deposit (EMD) to the Bishop for obtaining contracts for a subsidised housing scheme which the bishop had floated. The contractors were from various parts of Tamil Nadu, Andhra Pradesh, Karnataka and Kerala.

Ranging from Rs 2 lakh to Rs 6 lakh, the total amount alleged to have been taken by Rev Anandraj from them runs to several lakhs. Molin Mission, a part of the International Full Gospel Church of God in India, has 750 gospel churches in India. The website of the organisation reveals that Molin Mission had over 10 diverse social service wings alongside its religious activities. Future projects envisaged by the organisation include a Molin Mission Kingdom, Super-Specialty Charity General Hospital in South India.

The housing project which got the bishop on the wrong foot was named 'New Life Shelters'. This project envisioned as many as ''25,000 houses for the downtrodden in South India''. Construction of a Bible College and libraries in every district was also envisaged. In Tamil Nadu, the organisation was headquartered at Perur in Kancheepuram district.

According to the complainants, the housing project became a non-starter and when the contractors sought a refund of the EMD money, the bishop failed to respond and later absconded. The bishop's wife Daisy Anandraj has also been named by the contractors.

The SP said he had forwarded the complaints to the Mahabalipuram DSP for necessary action. Steps were being initiated by the police to examine bank accounts and the bishop's other immovable assets, to freeze the same eventually. Complaints have come from many districts and all the cases would be dealt with commonly, he said.

# ചവർ ചാനലിൽ സുരേഷ് പൊടിപൊടിക്കുന്നു



കെ.സി.ജോണിന്റെ ചവർ ചാനലിൽ സുരേഷ് ബാബു പ്രസംഗം പൊടിപൊടിക്കുന്നു. ആഴ്ചയിൽ ഒരു ദിവസം അര മണിക്കൂർ എന്ന കണക്കിനാണ് പ്രസംഗമെന്ന് പറയുന്നുണ്ടെങ്കിലും ഒരേ പരിപാടി കുറഞ്ഞപക്ഷം ഇരുപത്തഞ്ചു തവണയെങ്കിലും കാണിക്കുക ചവറിന്റെ ശീലമാകയാൽ നിരവധി തവണ സുരേഷിന്റെ പ്രസംഗം കേൾക്കാൻ സാധിക്കും.

ഏതെങ്കിലും സ്റ്റേജിൽ സുരേഷ് നടത്തിയ പ്രസംഗമല്ല സംപ്രേക്ഷണം ചെയ്യുന്നത്. ചവറിനുവേണ്ടി പ്രത്യേകം തയ്യാറാക്കിയ പ്രസംഗമാണിവ. അതുകൊണ്ട് വളരെ ശ്രദ്ധിച്ചാണ് ഓരോ വാക്കും പറയുന്നത്. എന്നിട്ടും സുരേഷിന്റെ സ്വതസിദ്ധമായ തട്ടിപ്പ് ഒഴിവാക്കാൻ പറ്റുന്നില്ല.

കേരളത്തിലെ ദിനകരനാകുക എന്നതാണ് സുരേഷിന്റെ സ്വപ്നം. അതിനായി എന്തു വേഷം കെട്ടാനും സുരേഷ് തയ്യാർ. ടി.വിയിലും റേഡിയോയിലും പ്രസംഗിക്കുന്നതിനിടയിൽ രോഗികളെ പേരു പറഞ്ഞ് വിളിക്കുന്ന പരിപാടി ദിനകരനും മകനുമുണ്ട്. അതുകൊണ്ട് സുരേഷിനും ഇങ്ങനെ ചെയ്തേ പറ്റൂ.

കഴിഞ്ഞ ദിവസം സുരേഷ് പ്രസംഗിച്ചപ്പോൾ ചില രോഗികളുടെ രോഗവിവരം പറഞ്ഞു. മദ്യാപനം മൂലം കരളിന് രോഗം ബാധിച്ച ഒരാൾ ഈ പ്രസംഗം കേൾക്കുന്നുണ്ട്. നിന്നെ ഇതാ ദൈവം സൗഖ്യമാക്കുന്നു. (പോരേ പൂരം).

മദ്യപൻമാർക്ക് ഒരു പഞ്ഞവുമില്ലാത്ത നാടാണ് കേരളം. അതുകൊണ്ട് കരൾ രോഗികൾക്കും പഞ്ഞമില്ല. ടി.വി. കണ്ടുകൊണ്ടിരിക്കുന്നവരിൽ കരൾ രോഗികൾ ഉണ്ടാകുമെന്നതിന് സംശയമില്ല. അതുകൊണ്ട് വിശേഷിച്ച് ഒരു വെളിപ്പാടും കൂടാതെ പറയാവുന്ന ഒരു രോഗമാണിത്. രക്താർബ്ബുദം ബാധിച്ച ഒരു കുട്ടിയേക്കുറിച്ചും സുരേഷ് പറഞ്ഞു. ഇങ്ങനെ കുറെ രോഗവിവരം വിളിച്ചു പറയാൻ വെളിപ്പാടിനു പകരം കുറെ വെളിവുകേടു മതി. ഈ പറഞ്ഞ രോഗികളുടെ പേരും വിലാസവും ഫോൺ നമ്പറും കൂടി പറഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു. പക്ഷേ സുരേഷ് ഒരിക്കലും അങ്ങനെ പറയുകയില്ല. കാരണം സുരേഷിന്റെ ദൈവത്തിന് രോഗിയുടെ വിലാസവും ഫോൺ നമ്പറും മറ്റും പറയാനുള്ള കഴിവില്ല. (പാവം ദൈവം. പാവം സുരേഷ്).

സുരേഷ് ഒരു കാര്യം മനസ്സിലാക്കണം. ഈ ഭൂലോകത്ത് വിഡ്ഢികൾക്ക് പഞ്ഞമില്ല. അതുകൊണ്ടാണല്ലോ സുരേഷിനേപ്പോലുള്ളവർ കഞ്ഞി കുടിച്ചു പോകുന്നത്. പക്ഷേ വിഡ്ഢികൾ മാത്രമേ ഈ ലോകത്തുള്ളൂ എന്ന് കരുതരുത്. കള്ളം പറഞ്ഞും വ്യാജരോഗശാന്തി നടത്തിയും മറ്റും ചിലരെ കബളിപ്പിക്കാനാവും. പക്ഷേ എല്ലാവരേയും എല്ലാക്കാലവും കബളിപ്പിക്കാനാവില്ല.

RNI No. 68089 / 97
2006 August 16

# THE DEFENDER

REGISTERED
KL/ALY/0031/2006-08

# അച്ചൻകുഞ്ഞിനോട് ഡിഫെൻഡർ എന്തുകൊണ്ട് വിയോജിക്കുന്നു?

മരുപ്പച്ച ദ്വൈവാരികയുടെ എഡിറ്ററായ അച്ചൻകുഞ്ഞ് ഇലന്തൂരിനെ ഡിഫെൻഡർ എന്തുകൊണ്ട് വിമർശിക്കുന്നു എന്ന് പലരും ചോദിക്കാറുണ്ട്. അതിന് അല്പം വിശദമായി മറുപടി പറയുകയാണ്.

ടി.എസ്.ഏബ്രാമിനെയും കെ.സി.ജോണിനേയും മറ്റും ഡിഫെൻഡർ വിമർശിക്കുന്നത് അവർ വ്യഭിചാരികളായതുകൊണ്ടാണ്. വൽസൻ ഒന്നാതരം കൊള്ളക്കാരനാണ്. അധികാര മോഹികൾ, ചതിയൻമാർ തുടങ്ങിയവരേയും ഡിഫെൻഡർ വിമർശിക്കാറുണ്ട്. പക്ഷേ അച്ചൻകുഞ്ഞിനെ ഡിഫെൻഡർ വിമർശിക്കുന്നത് ഈ കാരണങ്ങളാലല്ല. കാരണം. അച്ചൻകുഞ്ഞ് വ്യഭിചാരിയോ കള്ളനോ അധികാരമോഹിയോ ചതിയനോ ഒന്നുമല്ല. പിന്നെ എന്താണ് കുഴപ്പം? അച്ചൻകുഞ്ഞുമായി ഡിഫെൻഡറിനുള്ള എതിർപ്പ് വിശ്വാസവുമായി ബന്ധപ്പെട്ടതാണ്.

അച്ചൻകുഞ്ഞ് പെന്തക്കോസ്തുകാരനല്ലേ? ഡിഫെൻഡർ പെന്തക്കോസ്ത് ഉപദേശം പ്രചരിപ്പിക്കുന്ന പത്രമല്ലേ? പിന്നെന്താണ് കുഴപ്പം? അച്ചൻകുഞ്ഞിന്റെ പെന്തക്കോസ്ത് കള്ളപ്പെന്തക്കോസ്ത് ആണെന്നതാണ് കുഴപ്പം. അച്ചൻകുഞ്ഞ് യഥാർത്ഥ പെന്തക്കോസ്തുകാരെ വഴിതെറ്റിക്കുന്നു എന്നതാണ് പ്രശ്നം.

ഇത് അത്ര കുഴപ്പമുള്ള കാര്യമാണോ എന്ന് ചോദിച്ചേക്കാം. തീർച്ചയായും അതെ. പെന്തക്കോസ്ത് വിശ്വാസികൾക്ക് വിശ്വാസം ഏറ്റവും പ്രധാനപ്പെട്ടകാര്യമാണ്. വിശ്വാസം പ്രാധാന്യമുള്ള കാര്യമല്ലെങ്കിൽ പെന്തക്കോസ്ത് സഭകൾ ഉണ്ടാകേണ്ട ആവശ്യം ഇല്ലായിരുന്നു.

എതിർക്കപ്പെടേണ്ട ദുരുപദേശങ്ങൾ അച്ചൻകുഞ്ഞ് പ്രചരിപ്പിക്കുന്നുണ്ടോ എന്ന് ചിലർക്കെങ്കിലും സംശയം തോന്നാം. പല ലക്കങ്ങൾ നീണ്ട മറുപടിയിലൂടെ മാത്രമേ ഈ ചോദ്യത്തിന് ഉത്തരം പറയാൻ പറ്റൂ. അടുത്ത ലക്കം മുതൽ ഈ വിഷയത്തേക്കുറിച്ച് വിശദമായ ലേഖന പരമ്പര പ്രസിദ്ധീകരിക്കുന്നതുകൊണ്ട് ഇവിടെ ആവർത്തിക്കുന്നില്ല.

ലോകത്ത് നിരവധി ക്രൈസ്തവ സഭകളുണ്ട്. യഹോവാസാക്ഷികൾ, ശാബതുകാർ തുടങ്ങിയ കൾട്ടുകളുമുണ്ട്. ഇവയുമായി പെന്തക്കോസ്ത് സഭകൾക്കുള്ള വ്യത്യാസമെന്താണ്? പെന്തക്കോസ്തുകാർ എന്താണ് വിശ്വസിക്കുന്നത്? അത് ഐ.പി.സിയുടെ ഭരണഘടനയിൽ വ്യക്തമായി പറയുന്നുണ്ട്.

**1. The Holy Bible:**
This church accepts the sacred words of the 66 Books of the Bible as the inspired, revelation of God, as the sheet anchor of Faith and Eternal Hope, and as the basic creed of the church and the only standard of life for the believer.

**2. God:**
That the Eternal, True and Holy Trinity is one God existing in three personalities-Father, Son and Holy Spirit.

**3. Man:**
That the creation of man was in the likeness of God, that he had a great fall when he transgressed God's commandment and that only Christ the Son of God can restore the Fallen Man to his Pristine glory

**4. Repentance:**
That the fallen man should approach God with true repentance for sins and faith in the atoning death of Jesus Christ.

**5. Justification:**
That the man is justified by faith and that guilt is pardoned by the Blood of Christ.

**6. Regeneration:**
That the man is born of God through the Holy Spirit and the Word of God.

**7. Water Baptism:**
In order to become one in Christ a believer should be baptized in the name of the Father, Son and Holy Spirit by immersion in water and thus become part-takers of the burial and resurrection of Christ.

**8. Separation:**
That a believer should be separated from sin, sinners, false doctrines and all kinds of worship contrary to the Bible.

**9. Lord's Supper:**
That the Lord's Supper is to be celebrated regularly till He comes, to commemorate the death of Christ.

**10. Baptism in the Holy Spirit:**
That the believer should be filled with the Holy Spirit: That the initial sign of speaking in tongues follows the Baptism of the Holy Spirit and that this speaking in tongues though the same in essence is different in its use and operation from that of the gift of tongues

**11. Divine Healing:**
Since temporal healing is included in the Sacrifice on the cross by Christ for atonement of sins, a believer should take it as a right and privilege to get bodily healing by prayer and faith.

**12. Sancitification:**
That the believer is sanctified by the Blood of Jesus, by the Word of God and by the Holy Spirit.

**13. The Church:**
That the church is the congregation of believers; its faith and experience should confirm to and stand steadfast in the teaching of the apostles in the New Testament.

**14. The Ministry:**
That the ministers of the church such as apostles, Prophets, Pastors, Teachers, Evangelists and Deacons, must be those who are called by the Holy Spirit, bestowed with gifts according to their different calling.

**15. Ordination:**
For those who are specially set apart for ministry of the church, ordination should be by the laying on of hands as in the New Testament.

**16. Evangelization:**
Evangelization is the supreme duty and privilege of the church.

**17.Second Coming of Christ:**
Jesus is coming soon in the air and that the Bride will be caught up when Jesus comes.

**18. Great Tribulation:**
That there is to be a great tribulation on the earth when Anti-Christ will be in his power soon after the coming of Christ in the air, and the Rapture of the Bride.

**19. The millennium:**
That at the end of the tribulation Jesus will come to the earth in all His glory with His saints and establish His own kingdom of Righteousness for a thousand years.

**20. The Great Judgment:**
That after the Millennium satan and his hosts will be cast for ever into the lake of fire and there will be judgment before the Great White Throne for all the wicked who also will meet the same punishment.

**21. New Heaven and New Earth:**
That at the time of the great judgment this present earth and heaven shall be burned up with fire and a New Heaven and a New Earth shall appear.

**22. Feet- washing and dedication of children are acceptable.**

Any member whose life and teaching do not correspond to the doctrines enumerated above and also the other teachings in the Holy Bible shall be excommunicated from the church.

അച്ചൻകുഞ്ഞ് ഐ.പി.സിയിലെ അംഗമാണ്. അതുകൊണ്ട് ഇവയെല്ലാം വിശ്വസിച്ചേ മതിയാകൂ. ഇവയിൽ ഏതെങ്കിലും ഒന്ന് തെറ്റാണെന്ന് അച്ചൻകുഞ്ഞിന് അഭിപ്രായമുണ്ടെങ്കിൽ ഐ.പി.സി. വിട്ട് പുറത്തു പോകണം. പോയില്ലെങ്കിൽ പുറത്താക്കണം. കാരണം, ഈ വിശ്വാസപ്രമാണത്തിൽ വിശ്വാസമില്ലാത്തവരെ ഐ.പി.സിയിൽ നിന്നും പുറത്താക്കും എന്ന് വിശ്വാസപ്രമാണത്തിന്റെ അവസാന ഭാഗത്ത് എഴുതിയിട്ടുണ്ട്.

അച്ചൻകുഞ്ഞ് ഇതൊക്കെ വിശ്വസിക്കുന്നുണ്ടോ? ഉണ്ടെന്ന് അച്ചൻകുഞ്ഞ് പറഞ്ഞെന്നു വരും. പക്ഷേ അച്ചൻകുഞ്ഞ് പ്രചരിപ്പിക്കുന്നത് ഈ വിശ്വാസപ്രമാണത്തിന് തികച്ചും വിരുദ്ധമായ കാര്യങ്ങളാണ്. അങ്ങനെവരുമ്പോൾ അച്ചൻകുഞ്ഞ് സഭയെ വഞ്ചിക്കയാണെന്ന് പറയേണ്ടതായി വരും. പക്ഷേ പെന്തക്കോസ്ത് വിശ്വാസപ്രമാണമെന്താണെന്ന് അറിയാത്തവരും അറിവുണ്ടെങ്കിൽത്തന്നെ ഗൗരവത്തിൽ എടുക്കാത്തവരും അച്ചൻകുഞ്ഞിനെ ഒന്നാംതരം പെന്തക്കോസ്തുകാരനായി കണക്കാക്കുന്നു. ഈ പഴുതുപയോഗിച്ച് അച്ചൻകുഞ്ഞ് ഗുരുതരമായ അബദ്ധോപദേശങ്ങൾ പ്രചരിപ്പിക്കുന്നു. ഇതിനെതിരെ പ്രതികരിക്കാതിരിക്കാൻ ഡിഫെൻഡറിനാവില്ല.

# ദിവ്യദർശനമോ മാനസികരോഗമോ?

''ഞാൻ സ്വർഗ്ഗം സന്ദർശിച്ചു'' എന്ന തലക്കെട്ടിൽ ഷാരൻ ആൻ ജോസഫ് എന്ന പെൺകുട്ടി എഴുതിയ ഒരു അനുഭവസാക്ഷ്യം ജൂലൈ 20 ലക്കം മരുപ്പച്ചയിൽ കണ്ടു. ഏകദേശം ഇരുപത് വയസ്സുള്ള ഈ പെൺകുട്ടി സ്വർഗ്ഗത്തിൽ പോയതും യേശുവിനെ കണ്ടതും ഒക്കെയാണ് അനുഭവസാക്ഷ്യത്തിലുള്ളത്. മുണ്ടിയപ്പള്ളി സ്വദേശിനിയാണ് ഈ കുട്ടിയെന്നും, ഈ ലേഖനത്തിൽ ഉള്ളതു കൂടാതെ ഒട്ടേറെ അനുഭവങ്ങൾ ഷാരന് ഉണ്ടായിട്ടുണ്ട് എന്നും അന്വേഷണത്തിൽ അറിഞ്ഞു. ഈ അനുഭവങ്ങൾ സവിസ്തരം വിവരിച്ച് ഒരു പുസ്തകവും എഴുതിയത്രേ. യേശു പറഞ്ഞിട്ടാണ് എന്നു പറഞ്ഞ് ഷാരൻ ഈയിടെ വിവാഹവും കഴിച്ചു.

പൗലോസ് മൂന്നാംസ്വർഗ്ഗത്തോളം എടുക്കപ്പെട്ടു എന്ന് ബൈബിൾ പറയുന്നു. അതുകൊണ്ട് സ്വർഗ്ഗീയ ദർശനം അസംഭവ്യമാണെന്ന് പറയാനാവില്ല. പക്ഷേ പൗലോസുപോലും ഒരിക്കൽ മാത്രമാണ് ഇത്തരം ഒരു ദർശനം കണ്ടത്. അത്ര അത്യപൂർവ്വമാണ് ഇത്തരം ദർശനങ്ങൾ എന്നു ചുരുക്കം. ദിനകരൻ ഇടക്കൊക്കെ സ്വർഗ്ഗത്തിൽ പോകാറുണ്ടെന്നും മരിച്ചുപോയ മകളെ കാണാറുണ്ടെന്നും മറ്റും പറയുന്നുണ്ട്. ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും ഇത്തരം അനുഭവങ്ങളേക്കുറിച്ച് കേൾക്കാറുമുണ്ട്. എന്നാൽ ദൈവവചനം ആധാരമായി സ്വീകരിക്കുന്നവർക്ക് ഇത്തരം കിഴവിക്കഥകളിൽ വിശ്വസിക്കാനാവില്ല. ഷാരന്റെ ദർശനവും ഈ ഇനത്തിൽ പെട്ടതാണ്.

പ്രധാനമായും അഞ്ചു തരത്തിൽ ദർശനങ്ങൾ ഉണ്ടാകാറുണ്ട്. 1. ദൈവം നൽകുന്ന ദർശനം. 2. സാത്താൻ നൽകുന്ന ദർശനം. 3. വെറും തോന്നൽ 4. മാനസികരോഗം 5. ദർശനം കണ്ടതായി കള്ളം പറയുക.

ഇവയിൽ ഏതാണ് ഷാരന്റെ ദർശനം? ഇത് ദൈവീക ദർശനമല്ല എന്ന് തീർച്ച. അതിന്റെ കാരണം അല്പം വിശദമായി മറ്റൊരു ലക്കത്തിൽ പറയാം.

സാത്താനാണോ ഷാരന് ദർശനം നൽകുന്നത്? ആയിരിക്കാം. ഈ ദർശനങ്ങൾ വെറും തോന്നലാണോ? ആ സാദ്ധ്യതയും തള്ളിക്കളയാൻ ആവില്ല. ഷാരൻ കള്ളം പറയുകയാണോ? സാദ്ധ്യത വളരെ കുറവ്.

ഷാരന് മാനസികരോഗമാണ് എന്ന് കരുതുകയാണ് ഏറ്റവും ഉചിതം. ഈ പ്രായത്തിൽ ചില പെൺകുട്ടികൾക്ക് ഹിസ്റ്റീരിയ ഉണ്ടാകും. മാനസികരോഗം ശരീരത്തിൽ വെളിപ്പെടുന്നത് ഹിസ്റ്റീരിയയുടെ പ്രത്യേകതയാണ്. ഷാരന് ഉണ്ടായ തലവേദന, മരവിപ്പ്, രക്തസ്രാവം തുടങ്ങിയവ മാനസികരോഗം ശരീരത്തിൽ വെളിപ്പെട്ടതാണ്. അതുകൊണ്ടാണ് ഡോക്ടർമാർക്ക് വിശേഷിച്ച് ഒരു തകരാറും ശരീരത്തിൽ കാണാൻ കഴിയാതെപോയത്. രോഗത്തോടൊപ്പം ഭീകര രൂപങ്ങളെ ദർശനത്തിൽ കണ്ടതും ഹാലൂസിനേഷൻ എന്ന മാനസികരോഗം മൂലമാണ്. അന്നുതന്നെ ഒരു മനോരോഗ വിദഗ്ദ്ധനെ കാണിച്ചിരുന്നെങ്കിൽ ഈ പ്രശ്നം തീരുമായിരുന്നു.

സാത്താനെ കണ്ടുകൊണ്ടിരുന്ന ഷാരൻ അധികം താമസിയാതെ ദൂതൻമാരെ കാണാൻ തുടങ്ങി. ഏറെ താമസിയാതെ യേശുവിനെയും കണ്ടു. പിന്നീട് സ്വർഗ്ഗീയ യാത്രകൾ പതിവാക്കി. മാനസിക രോഗം ഗുരുതരമായതിന്റെ ഫലമായാണ് ഇങ്ങനെയൊക്കെ സംഭവിച്ചത്. പക്ഷേ ഇത് മാനസികരോഗമാണെന്നു തിരിച്ചറിയാൻ ഷാരന്റെ രക്ഷിതാക്കൾക്കു കഴിഞ്ഞില്ല. തങ്ങളുടെ മകൾ ഉന്നതമായ ആത്മീയ അനുഭവങ്ങൾ പ്രാപിക്കയാണെന്ന് അവർ കരുതി. പിന്നീട് തലവേദനയും തളർച്ചയും രക്തസ്രാവവും മറ്റും നിന്നതോടെ യേശു രോഗസൗഖ്യം നൽകിയെന്നും കരുതി. രോഗം വന്നതും രോഗം മാറിയതും മാനസികമായ കാരണങ്ങളാലാണെന്ന് അവർ മനസ്സിലാക്കിയില്ല. വിവാഹത്തേക്കുറിച്ച് മകൾ ദർശനം കണ്ടതായി പറഞ്ഞപ്പോൾ വിവാഹവും നടത്തിക്കൊടുത്തു. ഇപ്പോൾ ഷാരൻ ഒരു അത്ഭുത വനിതയായി വിലസുകയാണ്. ഷാരനെ കാണാനും പ്രാർത്ഥന യാചിക്കാനും ജനം തിക്കിത്തിരക്കുന്നു.

ഈ പെൺകുട്ടിയുടെ സ്ഥിതി ഗുരുതരമാണ് എന്നത്രേ ഡിഫെൻഡറിന് പറയാനുള്ളത്. എത്രയും വേഗം ഷാരനെ ഒരു മനോരോഗ വിദഗ്ദ്ധനെ കാണിക്കണം. ആവശ്യമായ ചികിൽസ ചെയ്യണം. അതിന് ഷാരന്റെ ഭർത്താവും മാതാപിതാക്കളും തയ്യാറാകണം. അല്ലെങ്കിൽ ഷാരൻ ആസന്ന ഭാവിയിൽ മുഴുഭ്രാന്തിയായേക്കാം.

ഷാരനുണ്ടായത് ആത്മീയ അനുഭവമാണെന്ന് വായനക്കാർക്ക് തോന്നുന്ന വിധത്തിൽ ഈ ലേഖനം പ്രസിദ്ധീകരിച്ച മരുപ്പച്ച എട്ടും പൊട്ടും തിരിയാത്തവരെ വഴിതെറ്റിക്കുകയാണ് ചെയ്തത്. സെൻസേഷനുണ്ടാക്കി പത്രത്തിന്റെ പ്രചാരം വർദ്ധിപ്പിക്കാനുള്ള ഇത്തരം ചെപ്പടിവിദ്യകൾ അങ്ങേയറ്റം അപലപനീയമാണ്.

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan